الْجَامِعُ لِعِبَادَةِ اللهِ وَحْدَهُ

# അല്ലാഹു

# വിന് മാത്രമുള്ള ആരാധനയുടെ സമഗ്ര രൂപം


ശൈഖുൽ ഇസ്‌ലാം ഇമാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് رحمه الله

വിവർത്തനവും വിശദീകരണവും

# الْجَامِعُ لِعِبَادَةِ اللَّهِ وَحْدَهُ

# ﷲ വിനു മാത്രമുള്ള ആരാധനയുടെ സമഗ്ര രൂപം


ശൈഖുൽ ഇസ്‌ലാം ഇമാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് رَحِمَهُ اللَّهُ

بسم الله الرحمن الرحيم

الحمد لله رب العالمين وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين...

الله ﷻ പറയുന്നു :

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَلۡتَنظُرۡ نَفۡسٞ مَّا قَدَّمَتۡ لِغَدٖۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ ﴾ الحشر: ١٨

*''സത്യവിശ്വാസികളേ, നിങ്ങള്‍ الله വെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താന്‍ നാളെക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങള്‍ الله വെ സൂക്ഷിക്കുക. തീര്‍ച്ചയായും الله നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.''*

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ﴾ آل عمران: ١٠٢

*''സത്യവിശ്വാസികളേ, നിങ്ങള്‍ الله വെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങള്‍ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.''*

﴿ إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا ﴾ النساء: ٤٨

*''തന്നോട് പങ്കുചേര്‍ക്കപ്പെടുന്നത് الله ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ പൊറുത്തുകൊടുക്കുന്നതാണ്. ആര്‍ الله വോട് പങ്കുചേര്‍ത്തുവോ അവന്‍ തീര്‍ച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.''*

﴿ إِنَّهُۥ مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ ﴾ المائدة: ٧٢

*''الله വോട് വല്ലവനും പങ്കുചേര്‍ക്കുന്ന പക്ഷം തീര്‍ച്ചയായും الله അവന്ന് സ്വര്‍ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്‍റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികള്‍ക്ക് സഹായികളായി ആരും തന്നെയില്ല.എന്നാണ്.''*

﴿ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدۡخِلۡهُ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ وَذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ﴾ النساء: ١٣

*''ഏതൊരാള്‍ الله വിനെയും അവന്‍റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ الله താഴ്ഭാഗത്ത് കൂടി അരുവികള്‍ ഒഴുകുന്ന സ്വര്‍ഗത്തോപ്പുകളില്‍ പ്രവേശിപ്പിക്കുന്നതാണ്. അവരതില്‍ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.''*

ഈ എളിയ കർമ്മത്തിനു തൗഫീക് തന്ന ﷲ വിനെ സ്തുതിക്കുന്നു.. അവനോട് സഹായം അഭ്യർത്ഥിച്ച് തുടങ്ങുന്നു. റസൂൽﷺ പറയുന്നു : *'' ﷲ ഒരാൾക്ക് നന്മ ഉദ്ദേശിച്ചാൽ അവന് ദീനിൽ വിജ്ഞാനം നൽകും.[1] ദീനിൽ അറിവ് നേടൽ ഓരോ മുസ്ലിമിന്റെയും നിർബന്ധ ബാധ്യതയാണ്.''*[2]

അറിവ്: അതാണ് മനുഷ്യനെ ﷲ വിനെ ഭയപ്പെടുന്നവനാക്കുന്നത്. ഈ അറിവ് തന്നെയാണ് ദുന്യാവിലും ആഖിറത്തിലും അവന്റെ പതവികൾ ഉയർത്തുന്നതും. സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കുന്നതും, അറിവിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഇങ്ങിനെയുള്ള ആയത്തുകളും ഹദീഥുകളും നിരവധിയാണ്. ദീനിലെ ഏറ്റവും വലിയ അറിവ് വിശ്വാസ കാര്യങ്ങളിലുള്ള അറിവാണ്. ഇമാം അബൂ ഹനീഫ رحمه الله തന്റെ അഖീദ ഗ്രന്ഥത്തിനു പേരു നൽകിയത് **''ഫിഖ്ഹ് അൽ അക്ബർ''** ഏറ്റവും വലിയ ഫിഖ്ഹ് എന്നാണ്.

നമ്മുടെ ദീനിന്റെ അടിസ്ഥാനം ഖുർആനും സുന്നത്തുമാണ്. ഒരു മുസ്‌ലിം തന്റെ കർമ്മങ്ങൾ ഖുർആനിനോടും സുന്നത്തിനോടും യോജിക്കുന്നതാണെന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട് അങ്ങനെയല്ലെങ്കിൽ കർമ്മങ്ങൾ ബാത്വിലാണ്. അത്പോലെ തന്നെ ﷲ വിനു മാത്രം അർപ്പിക്കേണ്ട കർമ്മങ്ങൾ മറ്റുള്ളവർക്ക് വേണ്ടി ചെയ്താൽ ഇസ്‌ലാമിൽ നിന്ന് പുറത്തു പോവുകയും അത് നരകത്തിലേക്ക് നയിക്കാൻ കാരണമാവുകയും ചെയ്യും. ഒരു അടിമ ആദ്യമായി അറിഞ്ഞിരിക്കേണ്ട ഏറ്റവും വലിയ അറിവ് അത് അവന്റെ സ്രഷ്ടാവിനെ പറ്റിയും ആ സ്രഷ്ടാവിന്റെ വിധി വിലക്കുകളെ കുറിച്ചുമാണ്. അതിൽ അതിപ്രധാനമാണ് **തൗഹീദ്** (ﷲ വിനെ ഏകനാക്കൽ). ﷲ വിന്റെ പ്രവർത്തികളിലും അവനുള്ള നമ്മുടെ ആരാധനാ കർമ്മങ്ങളിലും അവനെ ഏകനാക്കൽ ഇതാണ് തൗഹീദിന്റെ ചുരുക്കം.

ﷲ വിന് മാത്രം കഴിയുന്ന കർമ്മങ്ങൾ മറ്റുള്ളവർക്ക് കഴിയുമെന്ന് വിശ്വസിച്ചാലും നാം ﷲ വിന് മാത്രം ചെയ്യേണ്ടതായുള്ള ആരാധനകൾ മറ്റുള്ളവർക്ക് ചെയ്താലും അത് ശിർക്കായി. ഇങ്ങനെയുള്ള ﷲ വിൽ പങ്ക് ചേർക്കൽ തൗബ ചെയ്തില്ലെങ്കിൽ ഒരിക്കലും ﷲ പൊറുക്കപ്പെടാത്ത കാലാകാലം നരകശിക്ഷയിൽ വെന്തെരിയാൻ കാരണമാകുന്ന വൻപാപമാണ്. ﷲ വിന്റെ പ്രവാചകർ ഏത് പ്രതിസന്ധിഘട്ടങ്ങളിലും അടിപതറാതെ ഉറച്ച് നിന്ന തൗഹീദും വളരെയധികം ഭയപ്പെട്ട ശിർക്കും നാം നമ്മുടെ ജീവിതത്തിൽ എന്തിനേക്കാളേറെ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട രണ്ടു കാര്യങ്ങളാണ്.

---

[1] ബുഖാരി, മുസ്‌ലിം – ഹദീഥ് മുആവിയ
[2] ഹദീഥ് അനസ് ഇബ്ൻ മാജ : 224

മരണമാസന്നമായ നേരത്ത് യഅ്ഖൂബ് നബിﷺ വേവലാതിപ്പെടുന്നു, ﷲ പറയുന്നു :

﴿ أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى ۖ قَالُوا۟ نَعْبُدُ إِلَٰهَكَ وَإِلَٰهَ

ءَابَآئِكَ إِبْرَٰهِۦمَ وَإِسْمَٰعِيلَ وَإِسْحَٰقَ إِلَٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ ﴾ البقرة: ١٣٣

*''എനിക്ക് ശേഷം നിങ്ങൾ ആരെയാണ് ആരാധിക്കുക ? എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും''*

തൗഹീദ്, ശിർക്ക് എന്നിവയെ പറ്റിയുള്ള അറിവിനും പഠനത്തിനും നാം എത്രമാത്രം പ്രാധാന്യം കൊടുക്കേണ്ടതുണ്ട് എന്നതിന് ﷲ വിന്റെ ഈ വചനം മതിയാകുന്നതാണ്.

ഈ വിഷയത്തിൽ മഹാനായ പണ്ഡിതനായ ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് رحمه الله അദ്ദേഹത്തിന്റെ ഈ ലഘു കൃതി അടിസ്ഥാനവും സമഗ്രഹവുമാണ്. ഈ അമൂല്യ കൃതിയുടെ പരിഭാഷയും അതിന്റെ ചുരുക്ക വിശദീകരണവുമാണ് ഇത്. കൂടുതൽ ആശയ വ്യക്തതക്ക് വേണ്ടി പദാനുപദ വിവർത്തനത്തേക്കാളുപരി ആശയത്തിനുതകുന്ന രീതിയിലുള്ള വിവർത്തന രീതിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

ഈ എളിയ കർമ്മത്തിൽ അല്ലാമ ശൈഖ് ഫൗസാൻ , ശൈഖ് മുഹമ്മദ് ബാ ജമാൽ [3] حفظهم الله എന്നിവരുടെ അറബിയിലുള്ള ഈ കൃതിയുടെ വിശദീകരണവും ഖുർആൻ ആയത്തുകളുടെ വിശദീകരണത്തിന് ചില പ്രമുഖ അറബി ഖുർആൻ തഫ്സീറുകളും കൂടുതലായുള്ള വിശദീകരണ വ്യക്തതക്ക് വേണ്ടി ചില അഖീദ ഗ്രന്ഥങ്ങളും വിശദീകരണത്തിന് അവലംബിച്ചിരിക്കുന്നു.

ﷲ ഈ എളിയ കർമ്മം ഇഖ്‌ലാസോടു കൂടിയുള്ളതും അവന്റെ പ്രീതി കാംക്ഷിച്ചുള്ളതും ഇത് എഴുതിയവനും വായിക്കുന്നവനും പഠിക്കുന്നവനും പ്രചരിപ്പിക്കുന്നവനും ഈ കൃതി

[3] **ശൈഖ് ഫൗസാൻ** : സൗദി അറേബ്യയിലെ ഉന്നത പണ്ഡിത സഭയിലെ പ്രധാന വ്യക്തിയും ഫത്‌വാ ബോർഡിലെ അംഗവുമാണ് ഈ മഹാപണ്ഡിതൻ.
**ശൈഖ് മുഹമ്മദ് ബാജമ്മാൽ അൽ ഹള്റമീ** : യമനിലെ ദാറുൽ ഹദീഥിന്റെ സ്ഥാപകനും വലിയ പണ്ഡിതനുമായ ശൈഖ് മുഖ്ബിൽ رحمه الله യുടെ ശിഷ്യനും ഹള്റമൗത്തിലെ പ്രമുഖ പണ്ഡിതരിൽ ഒരാളുമാണ് ഇദ്ധേഹം.

പുറത്തിറങ്ങാനും ഈ രചനക്ക് വേണ്ടി പല രീതിയിലും സഹായിച്ചിട്ടുള്ളവർക്കും ഇഹത്തിലും പരത്തിലും ഉപകാരപ്പെടുന്ന ഒന്നാക്കി മാറ്റണമെന്ന് ﷲ വിനോട് അവന്റെ ഉന്നതമായ നാമവിശേഷണങ്ങൾ കൊണ്ട് നാം ചോദിക്കുന്നു...

ﷲ നമ്മെ അവനു മാത്രം ആരാധിക്കുന്ന കൂട്ടത്തിൽ ഉൾപ്പെടുത്തുകയും മരണം വരെ അതിൽ (അവന്റെ ദീനിൽ) ഉറപ്പിച്ചു നിർത്തുകയും ചെയ്യുമാറാകട്ടെ....

**الفقير إلى عفو ربه ومغفرته**

**അബൂ അബ്ദില്ലാഹ് മിഖ്ദാദ് ബിൻ അലി പത്തുകണ്ടം അൽ-ഹിന്ദി**

**ജുമുഅ ദിവസം**

**23/ശഅബാൻ/1438 ഹിജ്റ വർഷം**

**ഹളറമൗത്ത്-യമൻ**

# ഗ്രന്ഥകാരന്റെ ജീവചരിത്രം

**മുഴുവൻപേര്** : മുഹമ്മദ് ബിന് അബ്ദിൽ വഹാബ് ബിന് സുലൈമാൻ അത്തമീമി അന്നജ്ദി.

**ജനനം** : 1115 ഹിജ്റ വർഷം 1703 മീലാദി വർഷം സൗദി അറേബ്യയിലെ (റിയാളിൽ നിന്ന് 70 കിലോമീറ്റർ അകലെയുള്ള) നജ്ദിലെ ഉയയ്ന എന്ന നാട്ടിൽ പണ്ഡിത കുടുംബത്തിൽ ജനിച്ചു. അദ്ധേഹത്തിന്റെ പിതാവ് ആ നാട്ടിലെ ഖാളിയും വിനീതനും ഉത്തമ സ്വഭാവത്തിന് ഉടമയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹനും നജ്ദിലെ വലിയ പണ്ഡിതനായിരുന്നു. ഇങ്ങിനെയുള്ള പണ്ഡിത കുടുംബത്തിൽ ജനിച്ചു വളർന്ന ശൈഖ് رحمه الله പത്ത് വയസ്സിന് മുമ്പേ ഖുർആൻ മനപ്പാഠമാക്കി. അതിബുദ്ധിശാലിയും വിവേകമതിയും കാര്യങ്ങൾ വേഗത്തിൽ ഗ്രഹിച്ചു മനസ്സിലാക്കാനും ﷻ അദ്ദേഹത്തിന് കഴിവ് നൽകി. ഈ വിശേഷണങ്ങളെല്ലാം കൊണ്ട് പ്രായപൂർത്തിയായതോടെ പിതാവ് അദ്ദേഹത്തെ നമസ്കാരത്തിന് നേതൃത്വം ഏൽപ്പിച്ചു. ശൈഖുൽ ഇസ്‌ലാം ഇബ്ന് തൈമിയ്യയുടെയും ശിഷ്യൻ ഇബ്നുൽ ഖയ്യിം رحمه الله യുടെയും ഗ്രന്ഥങ്ങൾ അദ്ദേഹത്തിന് തൗഹീദിന്റെയും സുന്നത്തിന്റെയും വെളിച്ചം പകർന്നു. നജ്ദിലും മക്കയിലും മദീനയിലും ഇറാഖിലും ബസ്വറയിലും അദ്ദേഹത്തിന്റെ അറിവ് തേടൽ വ്യാപിച്ചു. നജ്ദിലും മറ്റു ഇസ്‌ലാമിക രാജ്യങ്ങളിലും കൊടികുത്തി വാണിരുന്ന ശിർക്കിനെതിരെ രഹസ്യ പ്രബോധനം ആരംഭിച്ചു[4]. ഇത് അദ്ദേഹത്തിനെ സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കപ്പെടാൻ കാരണമായി. ബസ്വറയിലും ശാമിലും സഞ്ചരിച്ച് തിരിച്ച് നജ്ദിൽ വന്ന് പിതാവിന്റെ ഉപദേശ പ്രകാരം ക്ഷമയോടെ രഹസ്യമായി തന്നെ ദഅ്‌വ തുടർന്നു. പിതാവിന്റെ മരണ ശേഷം ദഅ്‌വത്ത് പരസ്യമായി. തന്റെ നാട്ടിലെ അമീറായ ഉഥ്മാൻ ബിന് മഅ്മർ അദ്ദേഹത്തിന്റെ ദഅ്‌വത്തിന് പിന്തുണ നൽകുകയും ശിർക്കിനെ തുടച്ചു നീക്കാൻ ആജ്ഞാനം ചെയ്യുകയും ഖബറുകളിൽ പണിത പള്ളിയും മറ്റ് ശിർക്കിന്റെ ആരാധനാകേന്ദ്രങ്ങളും തുടച്ചു നീക്കപ്പെടുകയും ചെയ്തു. തൗഹീദിന്റെ ശത്രുക്കൾ ഇതിനെതിരെ തിരിയുകയും നിരവധി ബുദ്ധിമുട്ടുകളും ദ്രോഹവും അനുഭവിക്കേണ്ടി വന്നു. അത്പോലെ അദ്ദേഹത്തെ കാഫിറാക്കുകയും കൊല ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. എന്തിനേറെ വഹാബിസം എന്ന പുതിയ ദീൻ കൊണ്ടു വന്നവനായി മുദ്ര കുത്തി. ദീനിന്റെ ശത്രുക്കൾ ഈ ദഅ്‌വത്തിനെ തെറ്റിദ്ധരിപ്പിക്കുന്നതിന് അദ്ദേഹത്തിനെതിരിൽ

---

[4] ശൈഖ് رحمه الله യുടെ കാലത്തെ നജ്ദിലെ ഇസ്‌ലാമിന്റെ അവസ്ഥ നാം അറിയേണ്ടതാണ്. ശിർക്ക് കൊടികുത്തി വാണിരുന്ന അവസ്ഥ. ഖുബ്ബകളും ഖബറുകളും മരവും കല്ലും ആരാധിക്കപ്പെട്ടു.
സിഹ്റിനും ഭാവി പറയുന്നവർക്കും പ്രചാരം ലഭിച്ചു. ജിന്നിനോടുള്ള പ്രാർത്ഥന, ജിന്നിനു ബലിയർപ്പിക്കൽ എന്നിങ്ങനെയുള്ള കടുത്ത ശിർക്ക് എന്തിനേറെ ഇബ്ൻ അബ്ബാസ്ﷺ പോലെയുള്ള സഹാബികൾ വരെ ആരാധിക്കപ്പെട്ടു. (മദീന യൂനിവേർസിറ്റിയിൽ നടത്തിയ ശൈഖ് മുഹമ്മദ് ബ്നു അബ്ദിൽ വഹാബിന്റെ ജീവചരിത്രം വിവരിക്കുന്ന ഇബ്നു ബാസ് رحمه الله യുടെ പ്രസംഗത്തിൽ നിന്ന്.)

പല ഗ്രന്ഥങ്ങളും രചിച്ചു. ഭാഷാനിഘണ്ഡുകളിൽ വരെ വഹാബിസം എന്ന പുതിയ വാക്ക് സ്ഥാനം പിടിച്ചു. ഇതിലെല്ലാം ക്ഷമിച്ച അദ്ദേഹത്തിന് സഊദ് കുടുംബത്തിലെ മുഹമ്മദ് ബ്ന് സഊദ് رَحِمَهُ اللهُ പൂർണ്ണ പിന്തുണ നൽകുകയും ശിർക്കിൽ നിന്ന് ﷲ വിനെ ഏകനായി ആരാധിക്കുന്നതിലേക്കുള്ള ദഅ്വത്ത് അവിടെ ശക്തി പ്രാപിച്ചു. അദ്ദേഹത്തിന്റെ ഈ ദഅ്വത്തിന്റെ സ്വാധീന്യം ആ നാടിന്റെ അതിർ വരമ്പ് കടന്ന് യമൻ, ഈജിപ്ത്, ശാം, ഇറാഖ്, ഇന്ത്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിലേക്കും വ്യാപിച്ചു. എല്ലാ ഗോത്രങ്ങളിലേക്കും തൗഹീദിന്റെ സന്ദേശങ്ങൾ എത്തിക്കുകയും അന്ന് ആ സത്യം പ്രചരിക്കുകയും തെളിവോടു കൂടിയുള്ള ആ സത്യത്തിന് പ്രചാരണം ലഭിക്കുകയും ചെയ്തു. അത് സ്വീകരിക്കാത്തവർക്കെതിരിൽ യുദ്ധം നടക്കുകയും ആ നാടിനെ ശിർക്കിൽ നിന്നും കുഫ്റിൽ നിന്നും ബിദ്അത്തിൽ നിന്നും ശുദ്ധമാക്കുകയും ചെയ്യാൻ ഈ രണ്ട് പേരുടെയും അറിവ് കൊണ്ടും, രാജ്യപദവികൊണ്ടുമുള്ള പ്രവർത്തനങ്ങൾ കാരണമായി. അങ്ങനെ ആ നാട് ഇന്ന് നാം കാണുന്ന ''**സഊദിയ്യ**'' എന്ന തൗഹീദിന്റെയും ഇസ്ലാമിന്റെ പ്രൗഢി വിളിച്ചു പറയുന്നതിന്റെയും നാടായി മാറി. ﷲ വിന്റെ ദീനിനെ സഹായിച്ച ആ പണ്ഡിതനും രാജാവിനും അവരുടെ കുടുംബത്തിനും ﷲ ഭൂമിയിൽ ഇന്നും നാം കണ്ട് കൊണ്ടിരിക്കുന്ന ആധിപത്യം നൽകി. ഇൽമ് കൊണ്ട് ﷲ വിന്റെ ദീനിനെ സഹായിച്ച ശൈഖ് മുഹമ്മദ് ബ്ന് അബ്ദുൽ വഹാബിന്റെ കുടുംബമാണ് ആലുശൈഖ് എന്ന് ഇന്ന് വിളിക്കപ്പെടുന്നത്. ഇന്നും അദ്ദേഹത്തിലേക്ക് ചേർത്തു പറയുന്നു. അദ്ദേഹത്തിന്റെ പരമ്പര, അതുപോലെ തന്നെ സഊദ് കുടുംബവും ഇന്ന് കാണുന്ന സഊദി അറേബ്യ അവരുടെ അധികാരത്തിലാണ്. ﷲ വിന്റെ വാഗ്ദാനം സത്യമാണ്. അത് ലംഘിക്കപ്പെടുകയില്ല. ﷲ പറയുന്നു :

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَنصُرُواْ ٱللَّهَ يَنصُرۡكُمۡ وَيُثَبِّتۡ أَقۡدَامَكُمۡ ﴾ **محمد: ٧**

***"സത്യവിശ്വാസികളേ, നിങ്ങൾ ﷲ വെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്."***

﴿ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسۡتَخۡلِفَنَّهُمۡ فِي ٱلۡأَرۡضِ كَمَا ٱسۡتَخۡلَفَ ٱلَّذِينَ مِن قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِينَهُمُ ٱلَّذِي ٱرۡتَضَىٰ لَهُمۡ وَلَيُبَدِّلَنَّهُم مِّنۢ بَعۡدِ خَوۡفِهِمۡ أَمۡنٗاۚ يَعۡبُدُونَنِي لَا يُشۡرِكُونَ بِي شَيۡـٔٗاۚ وَمَن كَفَرَ بَعۡدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ﴾ **النور: ٥٥**

*“നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് ﷲ വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ.”*

അമൂല്യമായ അദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങൾ ഇന്നും ലോകമെമ്പാടുമുള്ള മുസ്‌ലിം സമൂഹത്തിന് അറിവിന്റെ വെളിച്ചം പകർന്നു കൊണ്ടിരിക്കുന്നു. ഈ മഹാ പണ്ഡിതൻ 1206 ഹിജ്റ വർഷം 91 ാം വയസ്സിൽ മരണപ്പെട്ടു.. നമുക്കും അദ്ദേഹത്തിനും ﷲ വിന്റെ കാരുണ്യവും പ്രീതിയും ഉന്നതമായ ജന്നാത്തുൽ ഫിർദൗസും നാം ചോദിക്കുന്നു..

**കുറിപ്പ്** : ശൈഖ് അല്ലാമ ഫൗസാൻ ﷲ **حفظه** അദ്ദേഹത്തിന്റെ ശൈഖ് മുഹമ്മദ് ബ്നു അബ്ദിൽ വഹാബിനെ പറ്റിയുള്ള പുസ്തകത്തിൽ പറയുന്നു : ഹിഫ്ദ്, പുസ്തക വായന വർദ്ധിപ്പിക്കൽ, അറിവ് തേടിയുള്ള പണ്ഡിതന്മാരുടെ അടുത്തേക്കുള്ള സഞ്ചാരം, നല്ല നിയ്യത്ത് ഇങ്ങിനെയുള്ള നല്ല കാര്യങ്ങളും അതിന്റെ കൂടെ ﷲ വിന്റെ തൗഫീഖും കൂടി ചേർന്നാൽ അവരുടെ വലിയ ആഗ്രഹങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു..

## متن "الجامِع لعبادة الله وَحْده

قال الإمام محمد بن عبدالوهاب رَحِمَهُ ٱللَّهُ : فَإِنْ قِيلَ: فَمَا الْجَامِعُ لِعِبَادَةِ اللهِ وَحْدَهُ؟ .

قُلْتُ: طَاعَتُهُ بِامتِثَالِ أَوامِرِهِ، وَاجْتِنَابِ نَوَاهِيْهِ.

فَإِنْ قِيْلَ: فَمَا أَنْوَاعُ الْعِبَادَةِ الَّتِيْ لا تَصْلُحُ إِلا للهِ؟.

قُلْتُ: مِنْ أَنْوَاعِها: الدُّعَاءُ، وَالاسْتِعَانَةُ، وَالاسْتِغَاثَةُ، وَذَبْحُ القُرْبَان، وَالنَّذْرُ، وَالْخَوْفُ، وَالرَّجَاءُ، وَالتَّوَكُّلُ، وَالإِنَابَةُ، وَالْـمَحَبَّةُ، وَالْخَشْيَةُ، وَالرَّغْبَةُ، وَالرَّهْبَةُ، وَالتَّأَلُّهُ، وَالرُّكُوْعُ، وَالسُّجُوْدُ، وَالْخُشُوعُ، وَالتَّذَلُّلُ، وَالتَّعْظِيْمُ الَّذِيْ هُوَ مِنْ خَصَائِصِ الْأُلُوْهِيَّةِ

وَدَلِيلُ الْدُّعاءِ: قَوْلُهُ تَعَالَى: ﴿ وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُواْ مَعَ ٱللَّهِ أَحَدًا ﴾ **الجن: ١٨**

وَقَوْلُهُ تَعَالَى: ﴿ لَهُۥ دَعْوَةُ ٱلْحَقِّ وَٱلَّذِينَ يَدْعُونَ مِن دُونِهِۦ لَا يَسْتَجِيبُونَ لَهُم بِشَىْءٍ إِلَّا كَبَٰسِطِ كَفَّيْهِ إِلَى ٱلْمَآءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦ وَمَا دُعَآءُ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ ﴾ **الرعد: ١٤**

وَدَلِيلُ الاسْتِعَانَةِ: قَوْلُهُ تعَالَى: ﴿ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴾ **الفاتحة: ٥**

وَدَلِيلُ الاسْتِغَاثَةِ: قَوْلُهُ تعَالَى: ﴿ إِذْ تَسْتَغِيثُونَ رَبَّكُمْ فَٱسْتَجَابَ لَكُمْ ﴾ **الأنفال: ٩**

وَدَلِيلُ الذَّبْحِ: قَوْلُهُ تَعَالَى: ﴿ قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ﴾ **الأنعام: ١٦٢**

وَدَلِيلُ النَّذْرِ: قَوْلُهُ تَعَالَى: ﴿ يُوفُونَ بِٱلنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا ﴾ **الإنسان: ٧**

وَدَلِيلُ الْخَوْفِ: قَوْلُهُ تعَالَى: ﴿ إِنَّمَا ذَٰلِكُمُ ٱلشَّيْطَٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ﴾ **آل عمران: ١٧٥**

وَدَلِيلُ الرَّجَاءِ: قَوْلُهُ تعَالَى: ﴿ فَمَن كَانَ يَرْجُواْ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًا ﴾ **الكهف: ١١٠**

ودَلِيلُ التَّوكُّلِ: قَوْلُهُ تعَالَى: ﴿ وَعَلَى ٱللَّهِ فَتَوَكَّلُوٓاْ إِن كُنتُم مُّؤْمِنِينَ ﴾ **المائدة: ٢٣**

وَدَلِيلُ الإِنَابَةِ: قَوْلُهُ تَعَالَى: ﴿ وَأَنِيبُوٓاْ إِلَىٰ رَبِّكُمْ وَأَسْلِمُواْ لَهُۥ ﴾ **الزمر: ٥٤**

وَدَلِيلُ الْـمَحَبَّةِ: قَوْلُهُ تَعَالَى: ﴿ وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ وَٱلَّذِينَ ءَامَنُوٓاْ أَشَدُّ حُبًّا لِّلَّهِ ﴾ **البقرة: ١٦٥**

وَدَلِيلُ الْخَشْيَةِ: قَوْلُهُ تَعَالَى: ﴿ فَلَا تَخْشَوْهُمْ وَٱخْشَوْنِي ﴾ البقرة: ١٥٠

وَدَلِيلُ الرَّغْبَةِ، وَالرَّهْبَةِ: قَوْلُهُ تَعَالَى: ﴿ إِنَّهُمْ كَانُوا۟ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَٰشِعِينَ ﴾ الأنبياء: ٩٠

وَدَلِيْلُ التَّأَلُّهِ، قَوْلُهُ تَعَالَى: ﴿ وَإِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ لَّآ إِلَٰهَ إِلَّا هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴾ البقرة: ١٦٣

وَدَلِيْلُ الرُّكُوْعِ وَالسُّجُوْدِ: قَوْلُهُ تَعَالَى: ﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱرْكَعُوا۟ وَٱسْجُدُوا۟ وَٱعْبُدُوا۟ رَبَّكُمْ وَٱفْعَلُوا۟ ٱلْخَيْرَ لَعَلَّكُمْ تُفْلِحُونَ ﴾ الحج: ٧٧

وَدَلِيْلُ الْخُشُوْعِ: قَوْلُهُ تَعَالَى: ﴿ وَإِنَّ مِنْ أَهْلِ ٱلْكِتَٰبِ لَمَن يُؤْمِنُ بِٱللَّهِ وَمَآ أُنزِلَ إِلَيْكُمْ وَمَآ أُنزِلَ إِلَيْهِمْ خَٰشِعِينَ لِلَّهِ لَا يَشْتَرُونَ بِـَٔايَٰتِ ٱللَّهِ ثَمَنًا قَلِيلًا ﴾ آل عمران: ١٩٩

الآية ، وَنَحْوُهَا.

فَمَنْ صَرَفَ شَيْئًا مِنْ هَذِهِ الأَنْوَاعِ لِغَيْرِ اللهِ، فَقَدْ أَشْرَكَ بِاللهِ غَيْرَهُ.

فَإِنْ قِيلَ: فَمَا أَجَلُّ أَمْرٍ أَمَرَ اللهُ بِهِ؟. قِيْلَ: تَوْحِيْدُهُ بِالْعِبَادَةِ –وَقَدْ تَقَدَّمَ بَيَانُهُ.

وَأَعْظَمُ نَهْيٍ نَهَى اللهُ عَنْهُ: الشِّرْكُ بِهِ، وَهُوَ: أَنْ يَدْعُوَ مَعَ اللهِ غَيْرَهُ، أَوْ يَقْصِدَهُ بِغَيْرِ ذَلِكَ مِنْ أَنْوَاعِ الْعِبَادَةِ .فَمَنْ صَرَفَ شَيْئًا مِنْ أَنْوَاعِ الْعِبَادَةِ لِغَيْرِ اللهِ فَقَدِ اتَّخَذَهُ رَبًّا وَإِلَهًا، وَأَشْرَكَ مَعَ اللهِ غَيْرَهُ.

تَقَدَّمَ مِنَ الآيَاتِ مَا يَدُلُّ عَلَى أَنَّ هَذَا هُوَ الشِّرْكُ الَّذِيْ نَهَى اللهُ عَنْهُ، وَأَنْكَرَهُ عَلَى الْمُشْرِكِيْنَ،

وَقَدْ قَالَ تَعَالَى: ﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا ﴾ النساء: ١١٦

وَقَالَ تَعَالَى: ﴿ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴾ المائدة: ٧٢

وَصَلَّى اللهُ عَلَى مُحَمَّدٍ..

ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് رَحِمَهُ اللهُ ഈ ഗ്രന്ഥം ആരംഭിക്കുന്നത് ഇങ്ങനെയാണ്...

- **مَا الْجَامِعُ لِعِبَادَةِ اللهِ وَحْدَهُ؟**
- **ﷲ വിനു മാത്രമുള്ള ആരാധനയുടെ പൂർണ്ണ രൂപം എന്താണെന്ന് ചോദിക്കപ്പെട്ടാൽ ?**

ശൈഖ് رَحِمَهُ اللهُ ഈ ചോദ്യത്തിന് ഉത്തരം നൽകുന്നത് ഇങ്ങനെയാണ് :

- **طَاعَتُهُ بِامْتِثَالِ أَوَامِرِهِ، وَاجْتِنَابِ نَوَاهِيْهِ**
- ***ﷲ വിന്റെ കൽപ്പനകൾ പാലിച്ചു കൊണ്ടുള്ള അവനോടുള്ള അനുസരണയും അവന്റെ വിലക്കുകളിൽ നിന്ന് വിട്ടു നിൽക്കലുമാകുന്നു അത്.***

## വിശദീകരണം :

അറിവ് നേടാൻ ആഗ്രഹിച്ച ഒരാൾ നിങ്ങളുടെ അടുക്കൽ വന്ന് ﷲ വിനു മാത്രമുള്ള ആരാധനയുടെ ചുരുങ്ങിയ രൂപവും പൂർണ്ണമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു നിർവചനം ചോദിച്ചാൽ നാം എന്തു പറയും?

ഇവിടെ നാം ഇബാദത്ത് (ആരാധന) എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ رَحِمَهُ اللهُ ആരാധനക്ക് കൊടുത്ത നിർവചനം ഇങ്ങനെയാണ്, അത് ﷲ ഇഷ്ടപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകളേയും പ്രവർത്തികളേയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പദമാകുന്നു.

- **പ്രത്യക്ഷമായ കർമ്മങ്ങൾ** : നമസ്ക്കാരം, നോമ്പ്, ജിഹാദ് പോലെ ശരീരാവയവങ്ങളുമായി ബന്ധപ്പെട്ടത്.
- **പരോക്ഷമായ കർമ്മങ്ങൾ** : ഭയം, ഭക്തി, പ്രതീക്ഷ പോലുള്ള മനസ്സുമായി ബന്ധപ്പെട്ട കർമ്മങ്ങൾ.

ഇവിടെ നമ്മൾ ആരാധന എന്തെന്നുള്ളതിന്റെ ചുരുക്ക രൂപം മനസ്സിലാക്കി. ഇനി ഇവിടെ ശൈഖ് മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് رَحِمَهُ اللهُ പറഞ്ഞ ﷲ വിന്റെ കൽപ്പനകളും വിലക്കുകളും എന്താണെന്ന് നമ്മൾ മനസ്സിലാക്കണം.

കൽപ്പനകൾ രണ്ട് തരവും വിലക്കുകൾ രണ്ട് തരവുമാണ്.

- **വാജിബ് (നിർബന്ധ കൽപ്പനകൾ), മുസ്തഹബ്ബ്/മൻദൂബ് (ഐച്ഛിക കൽപ്പനകൾ)**
- **ഹറാം (നിഷിദ്ധമായ വിലക്കുകൾ), മക്റൂഹ് (അനിഷ്ടകരമായ വിലക്കുകൾ)**

ശൈഖ് ഉഥൈമീൻ رَحِمَهُ اللهُ അദ്ദേഹത്തിന്റെ ഉഥൂൽ മിൻ ഇൽമിൽ ഉഥൂൽ എന്ന ഗ്രന്ഥത്തിലൂടെ വിശദീകരിക്കുന്ന കൽപ്പനകളുടേയും വിലക്കുകളുടേയും ചുരുക്ക രൂപം ഇങ്ങനെയാണ് :

1) **വാജിബ്** - നമസ്ക്കാരം, നോമ്പ്, സകാത്ത് പോലുള്ള നിർബന്ധമായും ഒരു അടിമ ചെയ്യേണ്ട ചെയ്താൽ അതിന് പ്രതിഫലം ലഭിക്കുന്ന ഉപേക്ഷിച്ചാൽ ശിക്ഷ ലഭിക്കുന്നതുമായ കാര്യങ്ങൾ.

2) **മുസ്തഹബ്ബ് (മൻദൂബ്)** - സലാം പറയുക, സുന്നത്ത് നമസ്ക്കാരം, സുന്നത്ത് നോമ്പ് പോലുള്ള നിർബന്ധമല്ലാത്ത ഐച്ഛികമായ ചെയ്താൽ പ്രതിഫലവും ഉപേക്ഷിച്ചാൽ ശിക്ഷയും ഇല്ലാത്ത കാര്യങ്ങൾ.

3) **ഹറാം** - ശിർക്ക്, വ്യഭിചാരം, മോഷണം, കള്ള് കുടി പോലുള്ള പ്രവർത്തിച്ചാൽ ശിക്ഷയും ഉപേക്ഷിച്ചാൽ പ്രതിഫലവും ലഭിക്കുന്ന വിലക്കുകൾ.

4) **മക്റൂഹ്** - നിന്ന് കുടിക്കൽ പോലെ ചെയ്താൽ ശിക്ഷ ഇല്ലാത്തതും ഉപേക്ഷിച്ചാൽ പ്രതിഫലമുള്ളതുമായ കർമ്മങ്ങൾ.

ശൈഖ് رَحِمَهُ الله പറയുന്നു :

- **مَا أَنْوَاعُ الْعِبَادَةِ الَّتِيْ لَا تَصْلُحُ إِلَّا للهِ؟**

**الله വിന് മാത്രമല്ലാതെ (വേറെ ആർക്കും) അർപ്പിക്കാൻ പാടില്ലാത്ത കർമ്മങ്ങൾ ഏതൊക്കെ എന്ന് ചോദിക്കപ്പെട്ടാൽ?**

## <u>വിശദീകരണം :</u>

ഒരു പ്രവാചകനും, മലക്കുകൾക്കും, ജിന്നിനും, മനുഷ്യനും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങൾക്കും, പ്രതിമകൾക്കും, കല്ലിനും, മരത്തിനും, ഒരു മനുഷ്യ ദൈവങ്ങൾക്കും പാടില്ലാത്ത الله വിന് മാത്രമുള്ള ആരാധനാ കർമ്മങ്ങൾ നിരവധിയാണ്. അതിൽ പ്രധാനപ്പെട്ട ചിലതാണ് ശൈഖ് رَحِمَهُ الله ഇവിടെ പറയുന്നത്. ഈ പറയുന്ന ഇനങ്ങളെല്ലാം മക്കാ മുശ്‌രിക്കുകൾ الله അല്ലാത്തവർക്ക് സമർപ്പിച്ചിരുന്നതാണ്. ഇത് ശൈഖ് മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് رَحِمَهُ الله തന്റെ മറ്റൊരു ഗ്രന്ഥമായ (ഖവാഇദുൽ അർബഅ) നാല് അടിസ്ഥാന തത്വങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

الله سُبْحَانَهُ وَتَعَالَى പറയുന്നു :

﴿ وَمِنْ ءَايَٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴾ فصلت: ٣٧

*''അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ, ചന്ദ്രനോ നിങ്ങൾ സുജൂദ് ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ الله വിന്ന് നിങ്ങൾ സുജൂദ് ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.''*

﴿ وَيَوۡمَ يَحۡشُرُهُمۡ جَمِيعٗا ثُمَّ يَقُولُ لِلۡمَلَٰٓئِكَةِ أَهَٰٓؤُلَآءِ إِيَّاكُمۡ كَانُواْ يَعۡبُدُونَ ٤٠ قَالُواْ سُبۡحَٰنَكَ أَنتَ وَلِيُّنَا مِن دُونِهِمۖ بَلۡ كَانُواْ يَعۡبُدُونَ ٱلۡجِنَّۖ أَكۡثَرُهُم بِهِم مُّؤۡمِنُونَ ﴾ سبأ: ٤٠ - ٤١

*“അവരെ മുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഇക്കൂട്ടർ ആരാധിച്ചിരുന്നത് ? അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത് അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ.”*

﴿ وَإِذۡ قَالَ ٱللَّهُ يَٰعِيسَى ٱبۡنَ مَرۡيَمَ ءَأَنتَ قُلۡتَ لِلنَّاسِ ٱتَّخِذُونِي وَأُمِّيَ إِلَٰهَيۡنِ مِن دُونِ ٱللَّهِۖ قَالَ سُبۡحَٰنَكَ مَا يَكُونُ لِيٓ أَنۡ أَقُولَ مَا لَيۡسَ لِي بِحَقٍّۚ إِن كُنتُ قُلۡتُهُۥ فَقَدۡ عَلِمۡتَهُۥۚ تَعۡلَمُ مَا فِي نَفۡسِي وَلَآ أَعۡلَمُ مَا فِي نَفۡسِكَۚ إِنَّكَ أَنتَ عَلَّٰمُ ٱلۡغُيُوبِ ﴾ المائدة: ١١٦

*“الله പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, الله വിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ആരാധ്യരാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ.”*

﴿ وَلَا يَأۡمُرَكُمۡ أَن تَتَّخِذُواْ ٱلۡمَلَٰٓئِكَةَ وَٱلنَّبِيِّـۧنَ أَرۡبَابًاۗ أَيَأۡمُرُكُم بِٱلۡكُفۡرِ بَعۡدَ إِذۡ أَنتُم مُّسۡلِمُونَ ﴾

آل عمران: ٨٠

*“മലക്കുകളെയും പ്രവാചകൻമാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപക്കുകയുമില്ല. നിങ്ങൾ മുസ്‌ലിംകളായിക്കഴിഞ്ഞതിന് ശേഷം അവിശ്വാസം സ്വീകരിക്കാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുമെന്നാണോ (നിങ്ങൾ കരുതുന്നത്?)”*

﴿ قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِهِۦ فَلَا يَمۡلِكُونَ كَشۡفَ ٱلضُّرِّ عَنكُمۡ وَلَا تَحۡوِيلًا ٥٦ أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ إِنَّ عَذَابَ رَبِّكَ كَانَ مَحۡذُورٗا ﴾ الإسراء: ٥٦ - ٥٧

*''(നബിയേ,) പറയുക: ﷲ വിന് പുറമെ നിങ്ങള്‍ (ദൈവങ്ങളെന്ന്) വാദിച്ച് പോന്നവരെ നിങ്ങള്‍ വിളിച്ച് നോക്കൂ. നിങ്ങളില്‍ നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല. അവര്‍ വിളിച്ച് പ്രാര്‍ത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവര്‍ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാര്‍ഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തില്‍ ﷲ വോട് ഏറ്റവും അടുത്തവര്‍ തന്നെ (അപ്രകാരം തേടുന്നു.) അവര്‍ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു, നിന്റെ റബ്ബിന്റെ ശിക്ഷ തീര്‍ച്ചയായും ഭയപ്പെടേണ്ടതാകുന്നു.''*

*ഈ ആയത്തുകളെല്ലാം അതിന് തെളിവായി അദ്ദേഹം ഉദ്ദരിക്കുന്നത് കാണാം.*

ഈ ചോദ്യത്തിന് ഉത്തരമായി 19 തരത്തിലുള്ള പ്രധാന ആരാധനാ കര്‍മ്മങ്ങള്‍ ശൈഖ് رَحِمَهُ اللَّه ഖുര്‍ആനില്‍ നിന്നുള്ള തെളിവോട് കൂടി ഇവിടെ പരാമര്‍ശിക്കുന്നു. കാരണം, തെളിവില്ലാത്ത ഒരു കാര്യം സ്വീകരിക്കപ്പെടില്ല. പ്രത്യേകിച്ച് ആരാധനാകര്‍മ്മങ്ങളില്‍, ഖുര്‍ആനിലും സുന്നത്തിലും വന്നിട്ടില്ലാത്ത ഒരു ആരാധനകര്‍മ്മങ്ങളും സ്വീകരിക്കപ്പെടില്ല, മാത്രമല്ല അത് ബിദ്അത്താകുകയും തള്ളപ്പെടേണ്ടതുമാണ്. എന്നാല്‍ തെളിവോടു കൂടി വന്ന ആരാധനാകര്‍മ്മങ്ങള്‍ പ്രവര്‍ത്തിക്കുന്നതിലൂടെയേ അത് പ്രതിഫലാര്‍ഹമാവുകയും ﷲ വിന്റെ പ്രീതിയും സ്വര്‍ഗ്ഗവും കരസ്ഥമാവുകയും ചെയ്യൂ. ശൈഖ് رَحِمَهُ اللَّه പറഞ്ഞ എല്ലാ ആരാധനാകര്‍മ്മങ്ങളുടെയും ചുരുങ്ങിയ വിശദീകരണം ﷲ വിന്റെ സഹായത്തോടു കൂടി നാം ആരംഭിക്കുന്നു. വിശദമായ പഠനം ഉസൂലുഥലാഥ കിതാബുതൗഹീദ് എന്നീ വിശദീകരണങ്ങളില്‍ വരുന്നതാണ്.

## പ്രാർത്ഥന - الدُّعَاءُ

**തെളിവ് :**

**قَالَ تَعَالَى: ﴿ وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴾ الجن: ١٨**

**"പള്ളികൾ ﷲ വിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ ﷲ വോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്."**

**قَالَ تَعَالَى: ﴿ لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِن دُونِهِ لَا يَسْتَجِيبُونَ لَهُم بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ ﴾ الرعد: ١٤**

**"അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു."**

**വിശദീകരണം** :

ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത നുഅ്മാൻ ബ്ന് ബഷീറിന്റെ ഹദീഥിൽ റസൂൽﷺ പറയുന്നു :

***"പ്രാർത്ഥന അത് ആരാധനയാകുന്നു."***

ദുആ, പ്രാർത്ഥന, വിളിച്ചു തേടൽ ഇതെല്ലാം ഉന്നതമായ അതിശ്രേഷ്ഠമായ ആരാധനയിൽ പെട്ടതാണ്. ഈ ആരാധനാകർമ്മം ﷲ വിനോടല്ലാതെ മരിച്ചു പോയവരോടോ ഖബറിൽ കിടക്കുന്നവരോടും ജിന്നിനോടും ശൈത്വാനോടും ചെയ്താൽ ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്ന ഏറ്റവും ഗുരുതരമായ ശിർക്കാണത്.

﴿ فَٱدۡعُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ وَلَوۡ كَرِهَ ٱلۡكَٰفِرُونَ ﴾ غافر: ١٤

*''അതിനാൽ കീഴ്‌വണക്കം ﷲ വിന് നിഷ്കളങ്കമാക്കികൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി''*

ഇഖ്‌ലാസോടു കൂടി ﷲ വിനോട് ദുആ ചെയ്യുക. പ്രാർത്ഥന ആരാധനയാണെന്ന് ഹദീഥിൽ പറഞ്ഞത് പോലെ ഇവിടെ പ്രാർത്ഥന ദീനാണെന്ന് പറഞ്ഞു. ഇതെല്ലാം പ്രാർത്ഥനയുടെ മഹത്വം വ്യക്തമാക്കുന്നു.

﴿ قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِ ٱللَّهِ لَا يَمۡلِكُونَ مِثۡقَالَ ذَرَّةٖ فِي ٱلسَّمَٰوَٰتِ وَلَا فِي ٱلۡأَرۡضِ وَمَا لَهُمۡ فِيهِمَا مِن شِرۡكٖ وَمَا لَهُۥ مِنۡهُم مِّن ظَهِيرٖ ۝٢٢ وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنۡ أَذِنَ لَهُۥۚ ﴾ سبأ: ٢٢ - ٢٣

*''പറയുക: ﷲ വിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.''*

﴿ وَمَنۡ أَضَلُّ مِمَّن يَدۡعُواْ مِن دُونِ ٱللَّهِ مَن لَّا يَسۡتَجِيبُ لَهُۥٓ إِلَىٰ يَوۡمِ ٱلۡقِيَٰمَةِ وَهُمۡ عَن دُعَآئِهِمۡ غَٰفِلُونَ ﴾ الأحقاف: ٥

*''ﷲ വിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു.''*

﴿ إِن تَدۡعُوهُمۡ لَا يَسۡمَعُواْ دُعَآءَكُمۡ وَلَوۡ سَمِعُواْ مَا ٱسۡتَجَابُواْ لَكُمۡۖ ﴾ فاطر: ١٤

*''നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല.''*

﴿ يَٰٓأَيُّهَا ٱلنَّاسُ ضُرِبَ مَثَلٌ فَٱسْتَمِعُواْ لَهُۥٓۚ إِنَّ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَن يَخْلُقُواْ ذُبَابًا وَلَوِ ٱجْتَمَعُواْ لَهُۥۖ وَإِن يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُۚ ضَعُفَ ٱلطَّالِبُ وَٱلْمَطْلُوبُ ﴾ الحج: ٧٣

*''മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും ﷲ വിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ.''*

ﷲ വിന് പുറമെ ആരാധിച്ചു കൊണ്ടിരിക്കുന്നവരെ പറ്റി ഈ ആയത്തുകളിൽ ﷲ വിശേഷിപ്പിക്കുന്നതിങ്ങനെയാണ്. ഇതറിഞ്ഞവർ എങ്ങിനെ ﷲ അല്ലാത്തവരോട് പ്രാർത്ഥിക്കും. എങ്ങിനെ ﷲ വിനോടുള്ള പ്രാർത്ഥനയിൽ ഇവരെ പങ്ക് ചേർക്കും. ചിന്തിക്കുന്ന ബുദ്ധിയുള്ളവർ എങ്ങിനെ മയ്യിത്തിനോടും മരത്തിനോടും കല്ലിനോടും എല്ലും മാംസവുമുള്ള നമ്മെപ്പോലെ തന്നെയുള്ള സൃഷ്ടികളായ മനുഷ്യരോടും വിളിച്ചു പ്രാർത്ഥിക്കും!!

ചിന്തിക്കുന്നവർക്ക് പകൽ വെളിച്ചം പോലെ വ്യക്തമായ ഈ ആയത്തുകളെല്ലാം മതിയാവുന്നതല്ലേ..

- ശൈഖ് رحمه الله ഇവിടെ ദുആക്ക് തെളിവായി രണ്ട് ആയത്തുകൾ പറയുന്നു.

﴿ وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُواْ مَعَ ٱللَّهِ أَحَدًا ﴾ الجن: ١٨

*''പള്ളികൾ ﷲ വിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ ﷲ വോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.''*

എന്തെന്നാൽ മുഅ്മിനീങ്ങളെ; നമസ്ക്കാരവും സുജൂദും പള്ളികളും എല്ലാം ﷲ വിനുള്ളതാണ് അതുകൊണ്ട് അവനോട് നിങ്ങൾ ആരെയും പങ്ക് ചേർക്കരുത് (തഫ്സീർ സം'ആനി).

അതുപോലെ തന്നെ പള്ളികൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത് അതിനുള്ളിൽ ഖബർ കെട്ടിപ്പൊക്കാനും ശിർക്കും ബിദ്അത്തും ചെയ്യാനുമല്ല, ഖുർആനും സുന്നത്തുമനുസരിച്ച് ﷲ വിനെ മാത്രം ആരാധിക്കാനാണ്. നമസ്ക്കാരം, ഖുർആൻ പാരായണം, ദീൻ പഠനം, ദിക്റുകൾ എന്നിങ്ങനെയുള്ള പുണ്യകർമ്മങ്ങൾക്കാണ്.

➢ ശൈഖ് رَحِمَهُ اللهُ തെളിവായിപറയുന്ന രണ്ടാമത്തെ ആയത്ത് കാണുക.

قَالَ تَعَالَى: ﴿ لَهُۥ دَعۡوَةُ ٱلۡحَقِّۚ وَٱلَّذِينَ يَدۡعُونَ مِن دُونِهِۦ لَا يَسۡتَجِيبُونَ لَهُم بِشَيۡءٍ إِلَّا كَبَٰسِطِ كَفَّيۡهِ إِلَى ٱلۡمَآءِ لِيَبۡلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦۚ وَمَا دُعَآءُ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٖ ﴾ الرعد: ١٤

*''അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു.''*

ഒരാൾ ദാഹിച്ച് വലഞ്ഞ് കിണറിനടുത്തേക്ക് വരുന്നു വെള്ളം കോരിയെടുക്കാൻ അയാളുടെ കയ്യിൽ കയറോ പാത്രമോ ഇല്ല. ആഴമേറിയ കിണറിലേക്ക് അതിയായ ദാഹം മൂലം അയാൾ കൈ നീട്ടി കാണിക്കുന്നു. വെള്ളം ഒരിക്കലും അയാളുടെ വായിലേക്ക് വന്നെത്തില്ല.

ഇങ്ങിനെയാണ് ﷲ അല്ലാത്ത ഒരിക്കലും ഉത്തരം നൽകാത്ത ഒരു ഗുണവും ദോഷവും ചെയ്യാത്തവരോട് ദുആ ചെയ്യുന്നവരെ ഈ ആയത്ത് ഉപമിക്കുന്നത്. ചിന്തിക്കുന്നവർക്ക് ഉത്തമ ദൃഷ്ഠാന്തമുള്ള ഖുർആനിലെ ഈ ആയത്തിലെ ഉപമയെ പറ്റി 'ഇമാം സഅദി' തന്റെ തഫ്സീറിൽ പറയുന്നത് കാണുക : *''ﷲ വിന്റെ ഈ ഉപമ ഖുർആനിൽ മറ്റൊരിടത്ത് പറഞ്ഞത് പോലെ- സത്യനിഷേധികൾ, ഒട്ടകം സൂജിദ്വാരത്തിലൂടെ കടന്ന് പോകുന്നത് വരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല[5] എന്നത് പോലെ ഒരിക്കലും സംഭവിക്കാത്ത കാര്യമാണ്.''*

ഇമാം ഇബ്നുകഥീർ رَحِمَهُ اللهُ പറയുന്നു : *''ﷲ വിനു പുറമെ വിളിച്ചു പ്രാർത്ഥിക്കുന്നവർക്ക് ദുനിയാവിലും ആഖിറത്തിലും അത് ഒരു പ്രയോജനവും ചെയ്യുന്നില്ല. അതുകൊണ്ടാണ് ﷲ ഈ ആയത്തിൽ അവസാനത്തിൽ പറഞ്ഞത് (സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു).''*

[5] സൂറ അഅ്റാഫ് : 40

## സഹായം തേടൽ - الاسْتِعَانَة

قَالَ تَعَالَىٰ: ﴿ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ﴾ الفاتحة: ٥

**"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു."**

## വിശദീകരണം :

മറ്റാരേയും പങ്ക് ചേർക്കാതെ الله വിനോട് മാത്രം ചെയ്യേണ്ടതായ ആരാധനാകർമ്മങ്ങളിൽ രണ്ടാമത്തേതായ സഹായം തേടൽ എന്നാൽ ഉപകാരം നേടുന്ന കാര്യങ്ങളിലും ദോഷത്തെ തടുക്കുന്ന കാര്യങ്ങളിലും സഹായം തേടുക എന്നതാണ് ഇവിടെ അർത്ഥമാക്കുന്നത്. ഈ സഹായം തേടലിനെ ചുരുക്കത്തിൽ രണ്ടു തരമായി വിഭവിച്ചിരിക്കുന്നു :

1) മനുഷ്യരിലെ ജീവിച്ചിരിക്കുന്ന, അടുത്ത് ഹാജരായിട്ടുള്ള, ആ സഹായം ചെയ്യാൻ കഴിയുന്ന ആളുകളോട് സഹായം അഭ്യർത്ഥിക്കൽ.

الله ﷻ പറഞ്ഞത് പോലെ :

﴿ وَتَعَاوَنُواْ عَلَى ٱلۡبِرِّ وَٱلتَّقۡوَىٰۖ وَلَا تَعَاوَنُواْ عَلَى ٱلۡإِثۡمِ وَٱلۡعُدۡوَٰنِۚ ﴾ المائدة: ٢

*"പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്."*

പണം കടം വാങ്ങിക്കുക, ഒരു സാധനം ഉയർത്താൻ സഹായിക്കുക ഇങ്ങിനെയുള്ള കാര്യങ്ങളിലുള്ള ജനങ്ങളുടെ ഇടയിലുള്ള സഹായങ്ങൾ റസൂൽﷺ പറഞ്ഞത് പോലെ :

**والله في عون العبد ما كان العبد في عون أخيه**

*"ഒരു സഹോദരൻ മറ്റൊരു സഹോദരനെ സഹായിക്കുന്നിടത്തോളം കാലം الله എപ്പോഴും അവനെ സഹായിച്ചു കൊണ്ടിരിക്കും."*

ഇങ്ങനെയുള്ള അനുവദനീയമായ പ്രതിഫലമുള്ള സഹായവും സഹായം തേടലുമാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്.

2) ﷲ വിന് മാത്രം കഴിയുന്ന കാര്യങ്ങളിൽ ﷲ വല്ലാത്തവരോടുള്ള സഹായം തേടൽ.

രിസ്ഖ് നൽകൽ, കുട്ടികളുണ്ടാവാൻ വേണ്ടി, രോഗം ഭേധമാക്കുക ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം ﷲ വിനോട് മാത്രമേ സഹായം തേടാൻ പാടുള്ളൂ. അവന് മാത്രമേ അത് നൽകാൻ കഴിയുള്ളൂ ഇതൊന്നും മരിച്ച ആളുകളോടോ ഖബറിനോടോ വിഗ്രഹത്തിനോടോ ജീവനുള്ള ഇതിനൊന്നും കഴിയാത്ത ആൾ ദൈവങ്ങളെന്ന് വിളിക്കുന്നവരോടോ കല്ലിനോടോ മരത്തിനോടോ ചെയ്തു പോയാൽ അവൻ മുശ്രിക്കും അത് ഇസ്ലാമിൽ നിന്ന് പുറത്തുപോകുന്ന ഏറ്റവും വലിയ ശിർക്കുമാകുന്നു. സഹായം തേടലിന് ശൈഖ് رَحِمَهُ اللهُ പറയുന്ന തെളിവായ ആയത്തിന്റെ തഫ്സീറിൽ ഇമാം സഅ്ദി رَحِمَهُ اللهُ പറയുന്നു :

﴿ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴾ الفاتحة: ٥

*“ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു നിന്നോടല്ലാതെ വേറെയാരേയും ഞങ്ങൾ ആരാധിക്കുന്നില്ല. നിന്നോട് ഞങ്ങൾ സഹായം തേടുന്നു. നിന്നോടല്ലാതെ വേറാരോടും ഞങ്ങൾ സഹായം തേടുന്നില്ല.”*

## പ്രതിസന്ധിഘട്ടങ്ങളിലുള്ള സഹായം തേടൽ - الاسْتِغَاثَة

**قَالَ تَعَالَى: ﴿ إِذْ تَسْتَغِيثُونَ رَبَّكُمْ فَٱسْتَجَابَ لَكُمْ ﴾ الأنفال: ٩**

**"നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) അപ്പോൾ അവൻ നിങ്ങൾക്കു മറുപടി നൽകി.**

## വിശദീകരണം :

ﷲ വിന് മാത്രമുള്ള ആരാധനകളിലെ മൂന്നാമത്തെ ഇനമായ ഇസ്തിഗാസ കൊണ്ട് ഉദ്ദേശിക്കുന്നത് പ്രതിസന്ധിഘട്ടങ്ങളിലെ ദുആയും സഹായം തേടലുമാണ്. ഇസ്തിആന പൊതുവായ പദമാണ്. എല്ലാ സന്ദർഭങ്ങളിലുമുള്ള ദുആ അതിൽപെടും. എന്നാൽ ഇസ്തിഗാസ ബുദ്ധിമുട്ട് വരുമ്പോഴോ ആപത്ഘട്ടങ്ങളിലോ മാത്രമുള്ള ദുആയാണ്.

ശൈഖ് رَحِمَهُ الله ഇവിടെ ഉദ്ദരിക്കുന്ന ആയത്ത് ബദർ യുദ്ധവുമായി ബന്ധപ്പെട്ടതാണ്. ബദറിൽ വളരെ ദുർബലരായ മുസ്‌ലിംകൾ, യുദ്ധം കഠിനമായ ആ പ്രതിസന്ധിഘട്ടത്തിൽ ﷲ വിനോട് ദുആ ചെയ്യുകയും ﷲ അവരെ സഹായിക്കുകുകയും ചെയ്തു.

ആദ്യകാല മുശ്‌രിക്കീങ്ങൾ ബുദ്ധിമുട്ടൊന്നുമില്ലാത്ത സാധാരണ അവസ്ഥയിൽ ﷲ വിനോട് പങ്ക് ചേർക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ ആത്മാർത്ഥമായി ﷲ വിനോട് മാത്രം തേടുകയാണ് ചെയ്തിരുന്നത്.[6]

കാരണം പ്രതിസന്ധിഘട്ടങ്ങളിൽ ആരും വിളികേൾക്കാതെ വരുമ്പോൾ ﷲ അല്ലാതെ ആരും സഹായിക്കില്ല എന്ന് അവർക്ക് അറിയുമായിരുന്നു. എന്നാൽ നമ്മുടെ ഇക്കാലത്തെ മുശ്‌രിക്കുകൾ സാധാരണ അവസ്ഥയിലും പ്രതിസന്ധിഘട്ടങ്ങളിലും വിളിച്ച് തേടുന്നത് ﷲ വല്ലാത്തവരെയാണ് എന്നത് നമുക്ക് കാണാൻ സാധിക്കും. ആദ്യകാല മുശ്‌രിക്കുകളേക്കാൾ തീവ്രമാണ് ഈ കാലത്തെ മുശ്‌രിക്കുകൾ എന്ന് നമുക്ക് ഇതിലൂടെ മനസ്സിലാക്കാൻ പറ്റും.

---

[6] قَالَ تَعَالَى: ﴿ فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴾ العنكبوت: ٦٥

*"എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്‌വണക്കം ﷲ വിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു."*

## ബലി അർപ്പിക്കൽ - ذَبْحُ القُرْبَان

**قَالَ تَعَالَى: ﴿ قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴾ الأنعام: ١٦٢**

**"പറയുക: തീർച്ചയായും എന്റെ നമസ്കാരവും, ബലികർമവും, എന്റെ ജീവിതവും, എന്റെ മരണവും ലോകരുടെ റബ്ബായ ﷲ വിന്നുള്ളതാകുന്നു."**

### <u>വിശദീകരണം :</u>

നാലമത്തെ ഇനമായ ﷲ വിനു മാത്രം പാടുള്ള ആരാധനയാണ് ബലി അർപ്പിക്കൽ; ﷲ വിലേക്ക് അടുക്കാൻ വേണ്ടി ബലിമൃഗത്തെ അറുക്കുക.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ رحمه الله തന്റെ മജ്മൂഉൽ ഫത്താവയിൽ പറയുന്നത് കാണുക. ബലികർമ്മം പണം ചിലവഴിച്ചു ചെയ്യുന്ന ഏറ്റവും ഉത്തമമായ ആരാധനാകർമ്മമാണ്. നമസ്കാരം ശരീരം കൊണ്ടുള്ള ഉത്തമമായ കർമം പോലെ. ഈ ആയത്തിൽ പറഞ്ഞ **'നുസുക്'** ബലികർമ്മമാണ്. മറ്റൊരു ആയത്തിൽ പറഞ്ഞതു പോലെ : ﴿فَصَلِّ لِرَبِّكَ وَانْحَرْ﴾ ബലികർമ്മം നമസ്കാരത്തിനോട് ചേർന്ന് പറയുന്നു. നമസ്കാരം ﷲ അല്ലാത്തവർക്ക് ചെയ്യാൻ പാടില്ലാത്തതു പോലെ ബലികർമ്മവും ﷲ അല്ലാത്തവരെ ഉദ്ദേശിച്ച് ചെയ്യാൻ പാടില്ല. ഈ ശ്രേഷ്ഠവും പുണ്യവുമായ ബലികർമ്മം ഇറച്ചി ആവശ്യങ്ങൾക്കും അതിഥി സൽക്കാരത്തിനുമല്ലാതെ ദൈവികമായ അടുപ്പം ഉദ്ദേശിച്ച് ഖബറിനും മയ്യിത്തിനും, വലിയ്യുമാർക്കും, മൂപ്പൻമാർക്കും ജിന്നുകൾക്കും മറ്റും ചെയ്താൽ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന ഏറ്റവും വലിയ ﷲ വിനോടുള്ള പങ്ക് ചേർക്കലാണ്.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത അലി رضي الله عنه വിന്റെ ഹദീഥിൽ നബി തിരുമേനി ﷺ ഈ ഉമ്മത്തിന് താക്കീത് നൽകുന്നു : *"ﷲ അല്ലാത്തവർക്ക് ബലി അർപ്പിക്കുന്നവരെ ﷲ ശപിച്ചിരിക്കുന്നു."*

ﷲ വിന്റെ ലഅ്ന (ശാപം) എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റപ്പെടലാണ് ശൈഖ് رَحِمَهُ اللهُ പറഞ്ഞ ആയത്തിൽ നമസ്കാരം, ബലികർമ്മം, ജീവിതം, മരണം എന്നിവ പറഞ്ഞതിനു ശേഷം ﷲ പറയുന്നു: ﴿ لَا شَرِيكَ لَهُۥ ﴾ ''ഒരു പങ്കുകാരുമില്ല അവന്'', അതായത് ഈ കർമ്മങ്ങളെല്ലാം ﷲ വിന് മാത്രമുള്ളതാണ്.

ബലികർമ്മത്തിന്റെ അധ്യായത്തിൽ ശൈഖ് മുഹമ്മദ് ബ്ന് അബ്ദുൽ വഹാബ് رَحِمَهُ اللهُ തന്റെ കിത്താബു തൗഹീദിൽ ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്യുന്ന ത്വാരിഖ് ഇബ്ന് ഷിഹാബിൽ നിന്നുള്ള ഒരു ഹദീഥ് ഉദ്ദരിക്കുന്നുണ്ട്.[7]

ഹദീഥിന്റെ ചുരുക്കം ഇവിടെ ചേർക്കുന്നു. റസൂൽﷺ പറയുന്നു : *''ഒരു ഈച്ച കാരണം ഒരാൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അതുപോലെ തന്നെ ഒരു ഈച്ച കാരണം ഒരാൾ നരകത്തിലും പ്രവേശിച്ചു. അവിടെ ചോദിക്കപ്പെട്ടു: യാ റസൂലുല്ലാഹ്! എങ്ങിനെയാണ് അത് സംഭവിച്ചത്? (ഇസ്രായീല്യരിൽ പെട്ട) രണ്ടു പേർ ഒരു നാട്ടിലൂടെ കടന്നു പോകാനിടയായി. അത് വിഗ്രഹാരാധകരുടെ നാടായിരുന്നു. അവരുടെ അജണ്ട പ്രകാരം ആ വഴി കടന്നു പോകണമെങ്കിൽ അവരുടെ ആരാധ്യനായ വിഗ്രഹത്തിന് എന്തെങ്കിലും സമർപ്പിക്കണം. രണ്ടു പേരുടെ കയ്യിലും ഒന്നുമില്ല. ഒന്നുമില്ലെങ്കിൽ ഒരു ഈച്ചയെ എങ്കിലും സമർപ്പിക്കാൻ (ബലി അർപ്പിക്കാൻ) അവർ ആവശ്യപ്പെട്ടു. ആദ്യത്തെയാൾ അത് ചെയ്യുകയും അതിലൂടെ കടന്നു പോകാൻ അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ അത് മൂലം ഏറ്റവും വലിയ ശിർക്ക് ചെയ്യുകയും നരകത്തിനവകാശിയാവുകയും ചെയ്തു.*

*രണ്ടാമത്തെ ആളോടും അവർ ഇതേ ആവശ്യം ഉന്നയിച്ചു ഒന്നുമില്ലെങ്കിൽ ഒരു ഈച്ചയെ എങ്കിലും അർപ്പിക്കാൻ എന്നാൽ തൗഹീദുള്ള അയാൾ പറഞ്ഞു: ﷲ വിനല്ലാതെ ഒരാൾക്കും ഞാൻ ബലി അർപ്പിക്കുകയില്ല. അവർ അയാളെ കൊല ചെയ്തു. പക്ഷെ തൗഹീദ് നടപ്പിലാക്കിയ അയാൾ സ്വർഗ്ഗത്തിനവകാശിയാവുകയും ചെയ്തു.''*

ഈ സംഭവത്തിലൂടെ ﷲ അല്ലാത്തവർക്കുള്ള ഒരു ചെറിയ ആരാധനാകർമ്മമാണെങ്കിലും അത് കത്തിയെരിയുന്ന അതി കഠിനമായ നരക പ്രവേശനത്തിന് കാരണമാക്കുമെന്നത് തെളിയിക്കുന്നു. അതോടൊപ്പം ഏത് ആരാധനയും ഇഖ്ലാസോടു കൂടിയുള്ള ﷲ വിന് മാത്രമുള്ളതായി മാറ്റേണ്ടതുണ്ട്. ഇഖ്ലാസോടു കൂടി അവനെ ആരാധിക്കുന്നവരുടെ കൂട്ടത്തിൽ ﷲ നമ്മെ ഉൾപ്പെടുത്തട്ടെ..

---

[7] ഈ ഹദീഥിന്റെ സ്വീകാര്യത മുഹദ്ദിസീങ്ങളുടെ അഭിപ്രായത്തിൽ റസൂലിലേക്ക്ﷺ ചേർത്ത് പറയാവുന്നതല്ല, എന്നാൽ സൽമാൻ അൽ ഫാരിസിؓ വിൽ നിന്നുള്ള മൗഖൂഫായ സ്വഹീഹായ അഥറാണ് (ശൈഖ് അൽബാനി സിൽസില ദഈഫ : 5829)

## നേർച്ച നേരൽ – النّذر

**തെളിവ് :**

**قَالَ تَعَالَى: ﴿ يُوفُونَ بِالنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُ مُسْتَطِيرًا ﴾ الإنسان: ٧**

**"നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും."**

## വിശദീകരണം :

ബലി കർമ്മത്തിന് ശേഷം ശൈഖ് رحمه الله നേർച്ച നേരുന്നതിനെ പറ്റി പറയുന്നു. ഇത് ആരാധനാകർമ്മങ്ങളിൽ പെടും പക്ഷെ നമ്മുടെ ദീൻ അത് നിയമമാക്കപ്പെട്ടിട്ടില്ല. ഇതിന് തെളിവായ ശൈഖ് പറഞ്ഞ ആയത്തിൽ .. നേർച്ച നേരുകയും അത് നിറവേറ്റുകയും ചെയ്യുന്നവരെ പ്രശംസിക്കുന്നത് കാണാം. അത്പോലെ ഖുർആനിൽ الله നേർച്ച നേരുന്നതിനെ സ്വദഖ നൽകുന്നവരോടും الله വിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നവരോടും കഅബ ത്വവാഫ് ചെയ്യുന്നവരോടും ചേർത്ത് പറഞ്ഞു.[8] ഇതെല്ലാം ആരാധനയാണ്, അത്പോലെ നേർച്ചയും ആരാധനയാണ്. الله വിന് വേണ്ടി നേർച്ച നേരുന്ന നോമ്പ്, ഹജ്ജ്, ഉംറ എന്നിവ അതായത് 'ഞാൻ ആ നോമ്പ് നോൽക്കാൻ നേർച്ച നേരുന്നു ഇതുപോലുള്ള നേർച്ചകൾ നിർബന്ധമായും നിറവേറ്റണം അല്ലെങ്കിൽ അതിന് കഫാറയുണ്ട്.[9] എന്നാൽ ജാറത്തിലേക്കും ഖബറിലേക്കും നേർച്ച നേരുന്നത് വലിയ ശിർക്കും അങ്ങിനെയുള്ള നേർച്ചകൾ നിറവേറ്റാൻ പാടുള്ളതുമല്ല.[10] അതിന് തൗബ ചെയ്യേണ്ടതാണ്. 'എന്റെ അസുഖം ഭേദമാക്കിയാൽ ഞാൻ ഇത്ര നോമ്പ് നോൽക്കാം' ഇങ്ങിനെയുള്ള ശർത് വെച്ചു കൊണ്ടുള്ള നേർച്ചകൾ അതിന്റെ ഹുക്മ് കറാഹത്താണ്. ഭൂരിപക്ഷം പണ്ഡിതന്മാരും യോജിച്ച അഭിപ്രായം ഇതാണ്. ബുഖാരി, മുസ്‌ലിം ഇബ്ന് ഉമർ ﵄ വിന്റെ ഹദീഥിൽ റസൂൽ ﷺ നേർച്ച നേരൽ നിരോധിച്ചു. റസൂൽ ﷺ പറഞ്ഞു: *"അത് ഒരിക്കലും നന്മ കൊണ്ടു വരില്ല, പിശുക്കന്റെ പണം പുറത്തു കൊണ്ടു വരികയേ ചെയ്യൂ."*[11]

---

[8] قَالَ تَعَالَى: ﴿ وَمَا أَنفَقْتُم مِّن نَّفَقَةٍ أَوْ نَذَرْتُم مِّن نَّذْرٍ فَإِنَّ اللَّهَ يَعْلَمُهُ ﴾ البقرة: ٢٧٠

*"നിങ്ങളെന്തൊന്ന് ചെലവഴിച്ചാലും ഏതൊന്ന് നേർച്ച നേർന്നാലും തീർച്ചയായും الله അതറിയുന്നതാണ്."*

قَالَ تَعَالَى: ﴿ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ ﴾ الحج: ٢٩

*"തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ."*

[9] ഉഖ്ബ ബ്ന് ആമിർ (മുസ്‌ലിം റിപ്പോർട്ട്) : 1645

[10] ബുഖാരി : 6696

[11] ബുഖാരി : 6608, മുസ്‌ലിം : 1639

## ഭയം : الْخَوْف

**തെളിവ് :**

﴿ إِنَّمَا ذَٰلِكُمُ ٱلشَّيۡطَٰنُ يُخَوِّفُ أَوۡلِيَآءَهُۥ فَلَا تَخَافُوهُمۡ وَخَافُونِ إِن كُنتُم مُّؤۡمِنِينَ ﴾ آل عمران: ١٧٥

**"അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാചു മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി (നിങ്ങളെ) പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങളവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ."**

### വിശദീകരണം :

ശൈഖ് رحمه الله ആരാധനയുടെ ആറാമത്തെ ഇനത്തിൽ പറയുന്നു, ഭയം : ഇത് മനസ്സിന്റെ പ്രവർത്തികളിൽ പെട്ടതാണ്. അത്പോലെ തന്നെ മനസ്സുമായി ബന്ധപ്പെട്ട ആരാധനാകർമ്മങ്ങളിൽ പെട്ടതാണ് ആരാധ്യന്റെ ശ്രേഷ്ഠത അറിഞ്ഞുകൊണ്ട് അവനോടുള്ള സ്നേഹത്തോടെയും കൂടിയുള്ള ഭയം, ഇതിനെ രഹസ്യ ഭയം എന്നും വിളിക്കുന്നു. ഇത് ആരാധനയാണ്. ഈ രീതിയിലുള്ള ഭയം ﷲ അല്ലാത്തവരോട് പാടില്ല. ഈ വിശേഷണങ്ങളോട് കൂടി ഒരു സൃഷ്ടിയെ ഭയപ്പെട്ടാൽ അത് ശിർക്കായി മാറും. ജിന്നിൽ നിന്ന് ദോഷം ഭയന്ന് ജിന്നിനു വേണ്ടി അറവ് നടത്തുക ജാറത്തിലെ വലിയ്യും അമ്പലത്തിലെ വിഗ്രഹ ദേവനും ദേവിയും ഇവരിൽ നിന്നുള്ള ഭയം മൂലം ബലി അർപ്പിക്കൽ പണം ചിലവഴിക്കൽ ഇതെല്ലാം ജാറത്തിലെയും അമ്പലത്തിലെയും നടത്തിപ്പുകാരുടെ കീശ നിറക്കുക എന്നല്ലാതെ ഒരാൾക്ക് ഒരു ഗുണവും ദോഷവും ചെയ്യാൻ അവർക്കാകില്ല, മാത്രമല്ല ഇത് ചെയ്യുന്നതിലൂടെ ഏറ്റവും വലിയ ശിർക്ക് ചെയ്യുകയും ഇസ്ലാമിൽ നിന്ന് പുറത്ത് പോകുകയും ചെയ്യുന്നു. ﷲ ഇതിൽ നിന്നെല്ലാം നമ്മെ കാത്തു രക്ഷിക്കട്ടെ..

ശൈഖ് رحمه الله ഇവിടെ തെളിവായി പറഞ്ഞ ആയത്തിൽ ﷲ പറയുന്നു : ***"ശൈത്താൻ നിങ്ങളെ അവന്റെ കൂട്ടരെ കൊണ്ട് ഭയപ്പെടുത്തുന്നു"*** എന്നാൽ അവരെ ഭയപ്പെടാതെ എന്നെ മാത്രം ഭയപ്പെടാൻ ﷲ പറയുന്നു. ഇതാണ് ഈ ആയത്ത് ഇവിടെ കൊടുക്കാൻ കാരണം. ഭയം ആരാധനയിൽ പെട്ടതാണെന്നും ശൈത്താന്റെ കൂട്ടരെ ഭയപ്പെടാതെ ﷲ വിനെ മാത്രം ഭയപ്പെടേണ്ടത് വാജിബാണ്. എന്നാൽ മനുഷ്യന്റെ പ്രകൃതത്തിൽപെട്ട സിംഹത്തിനെയും പാമ്പിനേയും ഭയപ്പെടുന്നത് ആരാധന ആകില്ല.

## പ്രതീക്ഷ – الرَّجَاء

قَالَ تَعَالَى: ﴿ فَمَن كَانَ يَرۡجُواْ لِقَآءَ رَبِّهِۦ فَلۡيَعۡمَلۡ عَمَلٗا صَٰلِحٗا وَلَا يُشۡرِكۡ بِعِبَادَةِ رَبِّهِۦٓ أَحَدَۢا ﴾ الكهف: ١١٠

**“അതിനാൽ വല്ലവനും തന്റെ റബ്ബുമായ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ റബ്ബിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.”**

**<u>വിശദീകരണം :</u>**

ﷲ വിന് മാത്രം കഴിയുന്ന കാര്യങ്ങളിൽ സൃഷ്ടികളിൽ പ്രതീക്ഷ അർപ്പിക്കുന്നത് ശിർക്കാണ്. എന്നാൽ സാധരണ കാര്യങ്ങൾ ഒരാൾ തന്നെ പണം തന്ന് സഹായിക്കും, ആവശ്യങ്ങൾക്ക് വാഹനം തന്ന് സഹായിക്കും എന്നിങ്ങനെയുള്ള പ്രതീക്ഷകൾ ആരാധനയല്ല എന്നാൽ ﷲ വിന് മാത്രം കഴിയുന്ന കാര്യങ്ങൾ മരിച്ചു പോയവരിൽ നിന്നും ജിന്നുകളിൽ നിന്നും ഖബറിൽ കിടക്കുന്നവരിൽ നിന്നും ആഗ്രഹിക്കൽ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന വലിയ ശിർക്കാണ്.

ശൈഖ് رَحِمَهُ الله ഇവിടെ ദലീലായി നൽകിയ ആയത്തിന്റെ തഫ്സീറിൽ തഫ്സീർ പണ്ഡിതന്മാർ പറയുന്നു : *‘ആരാണോ സ്വർഗ്ഗത്തിൽ ﷲ വിനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നത് അവർ സൽകർമ്മങ്ങൾ ചെയ്യുകയും ﷲ വിൽ പങ്കു ചേർക്കാതിരിക്കുകയും ചെയ്യട്ടെ.’*

ഇവിടെ പ്രതീക്ഷ ആരാധനയുടെ ഇനത്തിൽ പറയുകയും ﷲ വിൽ ആരെയും പങ്കു ചേർക്കാതിരിക്കാൻ കൽപ്പിക്കുകയും ചെയ്യുന്നു.

## ഭരമേൽപ്പിക്കൽ - التَّوَكُّل

قَالَ تَعَالَىٰ: ﴿ وَعَلَى ٱللَّهِ فَتَوَكَّلُوٓاْ إِن كُنتُم مُّؤۡمِنِينَ ﴾ المائدة: ٢٣

**"നിങ്ങൾ വിശ്വാസികളാണെങ്കിൽ ﷲ വിൽ നിങ്ങൾ ഭരമേൽപിക്കുക."**

**<u>വിശദീകരണം :</u>**

ഗുണം തേടുന്നതിലും ദോഷം തടുക്കുന്നതിലും ദീൻ അനുശാസിച്ച രീതിയിൽ വേണ്ടത് ചെയ്ത് ﷲ വിൽ ഏതു കാര്യത്തിലും ഭരമേൽപ്പിക്കുക. അവനിലേക്ക് മടക്കുക. ﷲ വിധിച്ചത് പോലെ നടക്കും. ഇങ്ങിനെയുള്ള വിശ്വാസമാണ് തവക്കുൽ. ഈ രീതിയിൽ ﷲ വിൽ ഭരമേൽപ്പിച്ചാൽ അവന് ﷲ തന്നെ മതിയാകുന്നതാണ്.

﴿وَمَن يَتَوَكَّلۡ عَلَى ٱللَّهِ فَهُوَ حَسۡبُهُۥٓ﴾ الطلاق: ٣

*''വല്ലവനും ﷲ വിൽ ഭരമേൽപിക്കുന്ന പക്ഷം അവന് ﷲ തന്നെ മതിയാകുന്നതാണ്.''*

എന്നാൽ കുട്ടികൾ ഉണ്ടാകണം എന്ന് ആഗ്രഹമുണ്ട് എന്നിട്ട് വിവാഹം കഴിക്കാതെ ﷲ വിൽ തവക്കുൽ ചെയ്യുന്നു എന്ന് പറയുക, നീന്താൻ അറിയാത്തവൻ ﷲ വിൽ തവക്കുൽ ചെയ്യുന്നു എന്ന് പറഞ്ഞ് പുഴയിൽ ചാടുക, കൊടും തണുപ്പിൽ കോട്ട് ധരിക്കാതെ ﷲ വിൽ തവക്കുൽ ചെയ്തിട്ടുണ്ട് അസുഖം ഒന്നും വരില്ല എന്നു പറയൽ, അസുഖം വന്നാൽ മരുന്ന് കഴിക്കാതെ ﷲ വിൽ തവക്കുൽ ചെയ്തു എന്ന് പറയൽ ഇതെല്ലാം കള്ളത്തരമാണ് തവക്കുലല്ല. യുദ്ധത്തിൽ പടച്ചട്ട ധരിക്കുക പോലുള്ള കാര്യങ്ങൾ - ശരീരത്തെ സംരക്ഷിക്കാൻ - നമ്മുടെ പ്രവാചകൻ ചെയ്തത് പോലെ അദ്ദേഹം പടച്ചട്ട ധരിച്ചിരുന്നു. ഉഹ്ദ് യുദ്ധത്തിൽ ഒന്നല്ല രണ്ട് പടച്ചട്ട ധരിച്ചിരുന്നു. ഇത്പോലെ അനുവദനീയമായ കാര്യങ്ങൾ ചെയ്ത് ബാക്കി കാര്യം ﷲ വിലേക്ക് മടക്കുക.

ഇബ്ന് മാജയും അഹ്മദും റിപ്പോർട്ട് ചെയ്ത ഉമർ رضي الله عنه ഹദീഥിൽ കാലി വയറുമായി പോയി നിറഞ്ഞ വയറുമായി തിരിച്ചു വരുന്ന പക്ഷിയെ പോലെ - ശരിയായി തവക്കുൽ ചെയ്യുന്നവർക്ക് ﷲ രിസ്ഖ് നൽകുമെന്ന് കാണാം. എന്നാൽ ചിലർ വ്യാഖ്യാനിക്കുന്നത് പോലെ വേണ്ട കാര്യങ്ങളെല്ലാം ചെയ്യാതെ വെറുതെ ഇരിക്കുക എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

പക്ഷി വിതക്കുകയും കൊയ്യുകയും ചെയ്യുന്നില്ല എങ്കിലും അത് കൂട്ടിലിരിക്കാതെ അതിന്റെ ഭക്ഷണം തേടിപ്പോകുന്നു. പുറത്തിറങ്ങയാൽ അത് പരുന്തിന്റെ പിടിയിൽ അകപ്പെട്ടേക്കാം എന്നിട്ടും അത് രിസ്ഖിന്റെ വഴി അന്വേഷിച്ചു പോകുന്നു.

അതിലൂടെ ﷲ ഉദ്ദേശിച്ചത് പോലെ അതിന് ഭക്ഷണം ലഭിക്കുന്നു. ഇവിടെ ശൈഖ് رحمه الله തെളിവായി നൽകിയ ആയത്തിൽ ﷲ വിൽ മാത്രം തവക്കുൽ ചെയ്യേണ്ടത് ശരിയായ ഈമാനിനുള്ള നിബന്ധനയായി ﷲ പറയുന്നു. ﷲ വിൽ തവക്കുൽ ചെയ്യാത്തവൻ ശരിയായ വിശ്വാസിയല്ല.

قَالَ تَعَالَى: ﴿ فَٱعْبُدْهُ وَتَوَكَّلْ عَلَيْهِ ﴾ هود: ١٢٣

*"ആകയാൽ നീ അവനെ ആരാധിക്കുകയും,*
*അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക."*

തവക്കുലിനെ ഇവിടെ ആരാധനയുടെ കൂടെ ചേർത്ത് പറഞ്ഞു. അറബി ഭാഷാ നിയമ പ്രകാരം ഇവിടെ തെളിവായി കൊടുത്ത ആയത്തിൽ ഫിഅ്ലിന്റെ മുമ്പിൽ ഹർഫ് ജർറ് വന്നാൽ അത് നിരോധനത്തെ സൂചിപ്പിക്കുന്നു.

(ﷲ വിൽ ഭരമേൽപ്പിക്കുക) അർത്ഥം - മറ്റു ആരിലുമല്ല അവനിൽ മാത്രം ഭരമേൽപ്പിക്കുക.

قَالَ تَعَالَى: ﴿ إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴾ الأنفال: ٢

*"ﷲ വെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ റബ്ബിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ."*

ഇങ്ങിനെയുള്ള വിശേഷണത്തിലുള്ള തവക്കുൽ ﷲ വിലല്ലാതെ മറ്റുള്ളവരിൽ അർപ്പിച്ചാൽ അത് ശിർക്കും ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്നതുമാണ്.. ശൈഖുൽ ഇസ്‌ലാം ഇബ്ന് തൈമിയ്യ رحمه الله തന്റെ മജ്മൂഅ് അൽ ഫതാവായിൽ പറയുന്നത് പോലെ ശരിയായ തവക്കുൽ അത് ഒരു അടിമക്ക് അടിയുറച്ച വിശ്വാസം വർദ്ധിപ്പിക്കുന്നു. എന്തെന്നാൽ ഒരു ദോഷമോ ഒരു ഗുണമോ ഒരു ഉയർച്ചയോ ഒരു താഴ്ച്ചയോ ഒരു സന്മാർഗ്ഗമോ ഒരു ദുർമാർഗ്ഗമോ ഒരു അനുസരണയോ ഒരു നിരോധനമോ സംഭവിക്കില്ല. ﷲ വിന്റെ കൽപ്പന പ്രകാരമല്ലാതെ.[12]

---

[12] വാള്യം-1 / പേജ് : 27

# الإِنَابَة –

## അനുസരണയോടു കൂടി ﷲ വിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ

**قَالَ تَعَالَى: ﴿ وَأَنِيبُوٓاْ إِلَىٰ رَبِّكُمۡ وَأَسۡلِمُواْ لَهُۥ ﴾ الزمر: ٥٤**

**"നിങ്ങൾ നിങ്ങളുടെ റബ്ബിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്നു കീഴ്പെടുകയും ചെയ്യുവിൻ."**

**<u>വിശദീകരണം :</u>**

ഇനാബ, തൗബ എല്ലാം ഒരേ അർത്ഥം വരുന്ന പദങ്ങളാണ്. ഇതും ആരാധനയിൽപെടുന്നു. ﷲ വിന് മാത്രമുള്ള മറ്റു ആരാധനകളെപ്പോലെ. ഇനാബയോടു കൂടി അല്ലാഹുവിലേക്ക് മടങ്ങുന്നവനെ മുനീബ് എന്ന് വിളിക്കുന്നു. ഇബ്രാഹീം നബിയുടെ വിശേഷണമായി ﷲ പറയുന്നു :

﴿ إِنَّ إِبۡرَٰهِيمَ لَحَلِيمٌ أَوَّٰهٞ مُّنِيبٞ ﴾ هود: ٧٥

*"തീർച്ചയായും ഇബ്രാഹീം സഹനശീലനും, ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്."*

ഇവർ ദൃഢബോധമുള്ളവരും ﷲ വിന്റെ ആയത്തുകളെ പറ്റി ചിന്തിക്കുന്നവരുമാകുന്നു. ﷲ പറയുന്നു :

قَالَ تَعَالَى: ﴿ أَفَلَمۡ يَنظُرُوٓاْ إِلَى ٱلسَّمَآءِ فَوۡقَهُمۡ كَيۡفَ بَنَيۡنَٰهَا وَزَيَّنَّٰهَا وَمَا لَهَا مِن فُرُوجٖ ٦ وَٱلۡأَرۡضَ مَدَدۡنَٰهَا وَأَلۡقَيۡنَا فِيهَا رَوَٰسِيَ وَأَنۢبَتۡنَا فِيهَا مِن كُلِّ زَوۡجِۭ بَهِيجٖ ٧ تَبۡصِرَةٗ وَذِكۡرَىٰ لِكُلِّ عَبۡدٖ مُّنِيبٖ ﴾ ق: ٦ - ٨

*"അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ; എങ്ങനെയാണ് നാം അതിനെ നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്? അതിന് വിടവുകളൊന്നുമില്ല. 7. ഭൂമിയാകട്ടെ നാം അതിനെ വികസിപ്പിക്കുകയും, അതിൽ ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ നാം സ്ഥാപിക്കുകയും കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. 8. (സത്യത്തിലേക്ക്) മടങ്ങുന്ന ഏതൊരു ദാസന്നും കണ്ടുമനസ്സിലാക്കുവാനും അനുസ്മരിക്കുവാനും വേണ്ടി."*

﴿ أَفَلَمْ يَرَوْاْ إِلَىٰ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ إِن نَّشَأْ نَخْسِفْ بِهِمُ ٱلْأَرْضَ أَوْ نُسْقِطْ عَلَيْهِمْ كِسَفًا مِّنَ ٱلسَّمَآءِ ۚ إِنَّ فِى ذَٰلِكَ لَءَايَةً لِّكُلِّ عَبْدٍ مُّنِيبٍ ﴾ سبأ: ٩

*''അവരുടെ മുമ്പിലും അവരുടെ പിന്നിലുമുള്ള ആകാശത്തേക്കും ഭൂമിയിലേക്കും അവർ നോക്കിയിട്ടില്ലേ? നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരെ നാം ഭൂമിയിൽ ആഴ്ത്തിക്കളയുകയോ അവരുടെ മേൽ ആകാശത്ത് നിന്ന് കഷ്ണങ്ങൾ വീഴ്ത്തുകയോ ചെയ്യുന്നതാണ്. ﷲ വിലേക്ക് (വിനയാന്വിതനായി) മടങ്ങുന്ന ഏതൊരു ദാസനും തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്.''*

ഈ ഉന്നത വിശേഷണമുള്ളവർ സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ടവരുമാണ്.

قَالَ تَعَالَىٰ: ﴿وَأُزْلِفَتِ ٱلْجَنَّةُ لِلْمُتَّقِينَ غَيْرَ بَعِيدٍ ﴿٣١﴾ هَٰذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٍ ﴿٣٢﴾ مَّنْ خَشِىَ ٱلرَّحْمَٰنَ بِٱلْغَيْبِ وَجَآءَ بِقَلْبٍ مُّنِيبٍ﴾ ق: ٣١ - ٣٣

*''സൂക്ഷ്മത പാലിക്കുന്നവർക്ക് അകലെയല്ലാത്ത വിധത്തിൽ സ്വർഗം അടുത്തു കൊണ്ടു വരപ്പെടുന്നതാണ്. 32. (അവരോട് പറയപ്പെടും:) ﷲ വിങ്കലേക്ക് ഏറ്റവും അധികം മടങ്ങുന്നവനും, (ജീവിതം) കാത്തുസൂക്ഷിക്കുന്നവനും ആയ ഏതൊരാൾക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്. 33. അതായത് അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും താഴ്മയുള്ള ഹൃദയത്തോട് കൂടി വരുകയും ചെയ്തവന്ന്.''*

ശൈഖ് رحمه الله ഇവിടെ തെളിവായി നൽകിയ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം സഅദി പറയുന്നു:

*''ഇഖ്ലാസോടു കൂടി ഹൃദയം കൊണ്ട് നിങ്ങൾ നിങ്ങളുടെ റബ്ബിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും, ശരീരം കൊണ്ട് നിങ്ങൾ അവന് കീഴ്പെടുകയും ചെയ്യുക.''*

## സ്നേഹം - الْمَحَبَّة

**തെളിവ് :**

قَالَ تَعَالَى: ﴿ وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ ﴾ البقرة: ١٦٥

**"ﷲ വിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. ﷲ വെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ ﷲ വോട് അതിശക്തമായ സ്നേഹമുള്ളവരത്രെ."**

**<u>വിശദീകരണം</u> :**

ശൈഖ് ഉഥൈമീൻ رحمه الله പറയുന്നു : "ആരാധന പടുത്തുയർത്തിയിട്ടുള്ളത് (റുക്ന്) രണ്ട് അടിസ്ഥാന കാര്യത്തിലാണ്. ﷲ വിനോടുള്ള ഇഷ്ടത്തിലും അവന്റെ മഹത്വത്തിലുമാണ്. ഇഷ്ടത്തിൽ - അവനിലുള്ള പ്രതീക്ഷയും അവന്റെ കൽപനകൾ നിറവേറ്റലും പെടുന്നു. അവന്റെ മഹത്വത്തിൽ, ഔന്നത്യത്തിൽ - അവന്റെ വിലക്കുകളിൽ നിന്ന് വിട്ടു നിൽക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. ഇതുപോലെ ആരാധനക്ക് രണ്ട് ശർത്തുകളുമുണ്ട്. ഇഖ്ലാസും, റസൂലിനെ പിൻപറ്റലും."[13] ശൈഖ് ഉഥൈമീൻ رحمه الله മുകളിൽ പറഞ്ഞ ഈ വിശിഷ്ടമായ അടിസ്ഥാന തത്വം ഒരു മുസ്‌ലിം തീർച്ചയായും അറിഞ്ഞിരിക്കേണ്ടതാണ്. ഇതിൽ ആരാധനയുടെ റുക്നുകളിൽ രണ്ടിൽ ഒന്നാണ് ﷲ വിനോടുള്ള ഇഷ്ടം. (മഹബ്ബ) അതാണ് ഇവിടെ ശൈഖ് മുഹമ്മദ് ഇബ്ന് അബ്ദിൽ വഹാബ് رحمه الله ആരാധനയിൽ ഒരിനമായി പറയുന്നത്. ഇവിടെ തെളിവായി പറഞ്ഞ ആയത്തിൽ ﷲ വിന് പങ്കാളികളായി തിരഞ്ഞെടുത്തവരെ (വിഗ്രഹങ്ങളെയും ഖബറിലെ മയ്യിത്തിനെയും പ്രവാചകരെയും മലക്കുകളെയും പുണ്യ പുരുഷന്മാരെയും) മുശ്‌രിക്കുകൾ ﷲ വിനെ സ്നേഹിക്കുന്നത് പോലെ സ്നേഹിക്കുന്നു.

എന്നാൽ സത്യവിശ്വാസികൾ ﷲ വിനോട് അതിശക്തമായ സ്നേഹമുള്ളവരാകുന്നു. എന്തെന്നാൽ അവർ അല്ലാഹുവിൽ ആരെയും പങ്കു ചേർക്കാതെ അവനെ മാത്രം ഇഷ്ടപ്പെടുന്നു. ﷲ വിനെ സ്നേഹിക്കുന്നത് പോലെ അവന് പങ്കാളികളാക്കിയവരെയും സ്നേഹിച്ചത് കൊണ്ട് അവർ മുശ്‌രിക്കീങ്ങളായി മാറി. പണത്തിനോടുള്ള സ്നേഹം ഭാര്യമാരോടും കുട്ടികളോടുമുള്ള സ്നേഹം, മാതാപിതാക്കളോടുള്ള സ്നേഹം ഇവയൊന്നും

[13] ഫതാവാ നൂർ അലാ ദറബ് – വാള്യം:1/പേജ്:2

ആരാധനയിൽപെടില്ല. എന്നാൽ ഇവരോടുള്ള സ്നേഹത്തിന് ﷲ വിനോടുള്ള സ്നേഹത്തിനേക്കാൾ പ്രാധാന്യം കൊടുത്താൽ അവർക്ക് അതിശക്തമായ താക്കീതാണ് ﷲ നൽകുന്നത്.

قَالَ تَعَالَى: ﴿ قُلْ إِن كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ وَعَشِيرَتُكُمْ وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴾ التوبة: ٢٤

*''(നബിയേ, ) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് ﷲ വെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ ﷲ അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. ﷲ ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല.''*

നാടും വീടും മക്കളും കുടുംബവും സമ്പത്തും ഇങ്ങിനെയുള്ള ഏതും ﷲ വിനേക്കാളും അവന്റെ റസൂലിനേക്കാളും അവന്റെ വിധിവിലക്കുകളേക്കാളും നമുക്ക് പ്രിയപ്പെട്ടതാവാൻ പാടില്ല. ﷲ വിന്റെ ശിക്ഷയെ നാം ഭയപ്പെടണം. ദുന്യാവിലെ എന്തിനേക്കാളും ഉപരിയായി ﷲ വിനും അവന്റെ റസൂലിനും ഖുർആനിനും സുന്നത്തിനും നാം മുൻഗണന നൽകേണ്ടതുണ്ട്. ﷲ വിനെ ഇഷ്ടപ്പെടുന്ന ﷲ ഇഷ്ടപ്പെടുന്ന അടിമകളുടെ കൂട്ടത്തിൽ ﷲ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ..

ഇന്നത്തെ മുസ്‌ലിം തലമുറയുടെ അവസ്ഥ കാണുക ഖുർആനിനും സുന്നത്തിനും അതിലെ വിധി വിലക്കുകൾക്കും പൂർണ്ണമായും എതിർ പ്രവർത്തിക്കുന്ന കലാ കായിക ആത്മീയ താരങ്ങളാണ് ഇന്നത്തെ ഭൂരിഭാഗത്തിനും പ്രിയപ്പെട്ടവർ അതിൽ ഒരു രീതിയിലുള്ള ബറാഉം കാണിക്കുന്നില്ല. ഇവരോടുള്ള ഈ സ്നേഹം അതിരു കടന്ന് അതിന്റെ അവസാന നിലയായ ആരാധനയിലേക്ക് വരെ എത്തുന്നതായി നമുക്ക് കാണാം ﷲ വിനോടുള്ള സ്നേഹത്തിൽ നിന്ന് ബഹുദൂരം പിന്നിലാണിവർ. എന്നാൽ അല്ലാഹു സ്നേഹിക്കുന്ന അവന്റെ വിധിവിലക്കുകളെ പിൻപറ്റി പരമാവധി ദീൻ മുറുകെ പിടിച്ച് ജീവിക്കുന്നവരോട് സമൂഹം കൂടുതൽ അകൽച്ച കാണിക്കുന്നു. വളരെ പരിതാപകരമായ അവസ്ഥ..

نسأل الله العافية

## الْخَشْيَة - ഭയം

തെളിവ് :

قَالَ تَعَالَىٰ: ﴿ فَلَا تَخْشَوْهُمْ وَٱخْشَوْنِي ﴾ البقرة: ١٥٠

"എന്നാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക."

**വിശദീകരണം :**

ﷲ വിന്റെ മഹത്വം അറിഞ്ഞ് സ്നേഹത്തോടു കൂടിയുള്ള ഭയം. ഭയം എന്നാൽ പൊതുവായ പദമാണ്, എന്നാൽ (الخشية) അറിവോടു കൂടിയുള്ള ഭയമാണ്. ഹഷിയ എന്തെന്ന് ഇബ്നുൽ ഖയ്യിം رحمه الله വളരെ മനോഹരമായി വിവരിക്കുന്നു: സാധരണ ഭയം - അത് ചലനമാണ്. ശത്രുവിനെ കണ്ടാൽ ഓടിയൊളിക്കുന്നവന്റെ അവസ്ഥ. എന്നാൽ (ഹഷിയ) - ഈ അധ്യായത്തിലെ വിഷയം, അത് നിശ്ചലമായ ശാന്തമായ അവസ്ഥയാണ്. ശത്രുവിനെ കണ്ട് പതുങ്ങിയിരിക്കുന്നവനെപ്പോലെ. (മദാരിജ് സാലികീൻ - വാള്യം:1/പേജ്:508)

ഉലമാക്കളുടെ വിശേഷണമായി ﷲ പറയുന്നു :

﴿ إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ ﴾ فاطر: ٢٨

*"ﷲ വെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു."*

ഈ കൂട്ടർ ഉന്നതമായ ഈമാനുള്ളവരാണ്.

قَالَ تَعَالَىٰ: ﴿ وَإِذَا سَمِعُوا۟ مَآ أُنزِلَ إِلَى ٱلرَّسُولِ تَرَىٰٓ أَعْيُنَهُمْ تَفِيضُ مِنَ ٱلدَّمْعِ مِمَّا عَرَفُوا۟ مِنَ ٱلْحَقِّ ۖ يَقُولُونَ رَبَّنَآ ءَامَنَّا فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ﴾ المائدة: ٨٣

*"റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ റബ്ബേ!! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ."*

ഇങ്ങിനെയുള്ള ഭയപ്പെടൽ ﷲ അല്ലാത്തവരോട് പാടുള്ളതല്ല.

ﷲ പറയുന്നു :

﴿ ٱلَّذِينَ يُبَلِّغُونَ رِسَٰلَٰتِ ٱللَّهِ وَيَخۡشَوۡنَهُۥ وَلَا يَخۡشَوۡنَ أَحَدًا إِلَّا ٱللَّهَۗ وَكَفَىٰ بِٱللَّهِ حَسِيبًا ﴾ الأحزاب: ٣٩

*''അതായത് ﷲ വിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും, അവനെ പേടിക്കുകയും ﷲ വല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (ﷲ വിന്റെ നടപടി.) കണക്ക് നോക്കുന്നവനായി ﷲ തന്നെ മതി.''*

ശൈഖ് رحمه الله ഇവിടെ ദലീലായി നൽകിയ ആയത്ത് ഖിബ്‌ല മാറ്റവുമായി ഇറങ്ങിയ ആയത്താണ്. ബൈത്തുൽ മുഖദ്ദിസിൽ നിന്ന് ഖിബ്‌ല മാറ്റി കഅ്ബയിലേക്ക് തിരിയാൻ ﷲ കൽപന ഇറക്കി. ഈ ഖിബ്‌ല മാറ്റം വലിയ കുഴപ്പം സൃഷ്ടിച്ചു. ജൂതന്മാരും കൃസ്ത്യാനികളും മുനാഫിഖുകളും മുശ്‌രിക്കുകളും അതിനെതിരെ ശബ്ദമുയർത്തി. ഈ സാഹചര്യത്തിൽ അവരെയൊന്നും ഭയപ്പെടാതെ ﷲ വിനെ ഭയപ്പെടാൻ ﷲ കൽപ്പിക്കുന്നു.

ഈ ആയത്തിലൂടെ ശൈഖ് رحمه الله ഇവിടെ പറഞ്ഞ രീതിയിലുള്ള ഭയം ആരാധനയാണെന്നും അത് ﷲ വിന് മാത്രമുള്ളതാണെന്നും അതിൽ പങ്കു ചേർക്കൽ മറ്റുള്ള ഇനങ്ങളിൽ പറഞ്ഞത് പോലെ തന്നെ വലിയ ശിർക്കുമാണ്.

**അതിയായ പ്രതീക്ഷയും, കഠിന ഭയവും - الرَّغْبَةَ، وَالرَّهْبَةَ**

**തെളിവ് :**

قَالَ تَعَالَى: ﴿ إِنَّهُمْ كَانُوا۟ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَٰشِعِينَ ﴾ الأنبياء: ٩٠

**"തീർച്ചയായയും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു."**

**വിശദീകരണം :**

ശൈഖ് رَحِمَهُ اللهُ പറഞ്ഞ ഏഴാമത്തെ ഇനമായ (റജാഅ്) അതിന്റെ ഏറ്റവും കൂടിയ അവസ്ഥയാണിത് (റഗ്ബ). الله വിന്റെ ഈ വചനം കാണുക :

﴿ وَإِلَىٰ رَبِّكَ فَٱرْغَب ﴾ الشرح: ٨

*''നിന്റെ രക്ഷിതാവിലേക്ക് തന്നെ നിന്റെ ആഗ്രഹം സമർപ്പിക്കുകയും ചെയ്യുക.''*

അതുപോലെ (റഹ്ബ) ഇത് ഭയത്തിന്റെ ഏറ്റവും കഠിനമായ അവസ്ഥയാകുന്നു. الله പറയുന്നു :

﴿ وَإِيَّٰىَ فَٱرْهَبُونِ ﴾ البقرة: ٤٠

*''എന്നെ മാത്രമേ നിങ്ങൾ ഭയപ്പെടാവൂ.''*

ഈ ആരാധനാകർമ്മങ്ങൾ അർത്ഥമാക്കുന്നത് ഇതാണ്; الله വിന്റെ പ്രതിഫലത്തിലുള്ള അതിയായ പ്രതീക്ഷയും അവന്റെ ശിക്ഷയിൽ നിന്നുള്ള കഠിന ഭയവും.

തവക്കുലിന്റെ അധ്യായത്തിൽ പരാമർശിച്ച അറബി ഭാഷയിലെ നിയമം ഓർക്കുക. ഈ രണ്ട് ആയത്തിലും ആ നിയമം തന്നെയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇമാം ഇബ്നുൽ ഖയ്യിം رَحِمَهُ ٱللَّهُ പറയുന്നു :[14]

لا رغبة إلا إلى الله ولا رهبة إلا من الله

*'റഗ്ബ ഇല്ല ﷲ വിലേക്കല്ലാതെ, റഹ്ബയും ഇല്ല ﷲ വിൽ നിന്നല്ലാതെ.'*

ഇങ്ങിനെയുള്ള വിശിഷ്ടമായ ഈ രണ്ടു തരം ആരാധനാ കർമ്മങ്ങൾ ഒരിക്കലും ഒരു സൃഷ്ടിക്കും സമർപ്പിക്കാൻ പാടില്ല.

ശൈഖ് رَحِمَهُ ٱللَّهُ ഇവിടെ തെളിവായി പറഞ്ഞ ആയത്തിൽ ﷲ തന്റെ അമ്പിയാക്കളെ പരാമർശിച്ചു കൊണ്ട് അവരുടെ ഉത്തമമായ കർമ്മങ്ങളെയും ഉയർന്ന ഈമാനിനെയും എടുത്തു പറഞ്ഞതിന് ശേഷം ഈ രണ്ട് വിശേഷണങ്ങൾ അവർക്ക് ചേർത്ത് പറയുന്നു.

പത്താമത്തെ അധ്യായത്തിൽ പരാമർശിച്ചത് പോലെ ആരാധന പടുത്തുയർത്തിയിട്ടുള്ളത് ﷲ വിനോടുള്ള പ്രിയത്തിലും അവന്റെ മഹത്വത്തിലുമാണ്. ﷲ വിനോടുള്ള പ്രിയം റഗ്ബയും മഹത്വത്തം ഭയവുമാണ്. അതുകൊണ്ടാണ് ആരാധന കൽപനയും വിലക്കുമായത്. കൽപനകൾ പടുത്തുയർത്തിയിട്ടുള്ളത് അവനോടുള്ള അതിപ്രതീക്ഷയിലാണ്. വിലക്കുകൾ അവന്റെ മഹത്വത്തിലും.

**നന്മ ആഗ്രഹിച്ചാൽ** - ﷲ വിനോടുള്ള പ്രിയത്തിൽ അവന്റെ കൽപനകൾ നിറവേറ്റി അതിപ്രതീക്ഷയോടു കൂടി അവന്റെ അനുസരണനയിൽ മുന്നേറുക.

എന്നാൽ **തിന്മ ചെയ്യാൻ ഉദ്ദേശിച്ചാൽ** - അവന്റെ മഹത്വത്തിൽ അവന്റെ കഠിന ശിക്ഷ ഭയന്ന് അതിൽ നിന്ന് പിന്മാറുക. ഇതിലൂടെ ആരാധനക്ക് പൂർണ്ണത കൈവരുന്നു.[15]

ഇവിടെ തെളിവായി പറഞ്ഞ ആയത്ത് സൂഫികൾക്ക് മറുപടിയാണ്, അവർ പറയുന്നു : നമ്മൾ ﷲ വിനെ ആരാധിക്കുന്നത് അവന്റെ നരകത്തെ പേടിച്ചിട്ടോ സ്വർഗ്ഗം ആഗ്രഹിച്ചിട്ടോ അല്ല. എന്നാൽ നമ്മൾ ﷲ വിനെ ഇഷ്ടപ്പെടുന്നത് കൊണ്ടാണ് അവനെ അരാധിക്കുന്നത് ഇത് അമ്പിയാക്കളുടെ ദീനിനു വിരുദ്ധമാണെന്ന് ആയത്തിലൂടെ തെളിയുന്നു.

---

[14] മദാരിജ് സാലികീൻ

[15] ശൈഖ് ഉഥൈമീൻ ശറഹ് - അഖീദ അൽ വാസിത്വിയ്യ

## ആരാധന - التَّألّه

**തെളിവ് :**

**قَالَ تَعَالَىٰ: ﴿ وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ ۖ لَّا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ ﴾ البقرة: ١٦٣**

**"നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യനായ (الله) മാത്രമാകുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ പരമകാരുണികനും (വിശ്വാസികളോട്) കാരുണ്യമുള്ളവനുമെത്രെ."**

**വിശദീകരണം :**

ആരാധിക്കുക എന്നത് സ്നേഹത്തിന്റെ അവസാനത്തെ ഏറ്റവും ഉയർന്ന നിലയിലുള്ള അവസ്ഥയാണ്. അത് الله വിനല്ലാതെ മറ്റാർക്കും പാടില്ലാത്തതാണ്. ഇത് അർത്ഥമാക്കുന്നത് കലിമത്തു തൗഹീദാണ്. (لا إلاه إلا الله) ഈ ഉയർന്ന അവസ്ഥയിലുള്ള ഇഷ്ടം, ആരാധന الله അല്ലാത്തവരോടായാൽ അത് ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന ഏറ്റവും വലിയ ശിർക്കാകുന്നു. الله പറയുന്നു :

﴿ وَهُوَ الَّذِي فِي السَّمَاءِ إِلَٰهٌ وَفِي الْأَرْضِ إِلَٰهٌ ۚ وَهُوَ الْحَكِيمُ الْعَلِيمُ ﴾ الزخرف: ٨٤

*"അവൻ മാത്രമാകുന്നു ആകാശത്ത് ആരാധ്യനായിട്ടുള്ളവനും, ഭൂമിയിൽ ആരാധ്യനായിട്ടുള്ളവനും. അവനാകുന്നു യുക്തിമാനും സർവ്വജ്ഞനും."*

ശൈഖ് رحمه الله ഇവിടെ തെളിവായി പറഞ്ഞ ആയത്തിന്റെ തഫ്സീർ കാണുക: ആരാധനക്ക് അർഹനായിട്ടുള്ളവൻ അവൻ الله മാത്രമാകുന്നു. വേറെ ആരും അതിനർഹനല്ല.

قَالَ تَعَالَى: ﴿ ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِۦ هُوَ ٱلْبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِيُّ ٱلْكَبِيرُ ﴾ الحج: ٦٢

*''അതെന്തുകൊണ്ടെന്നാൽ الله വാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.''*

അതെ ആരാധനക്ക് ഏറ്റവും അർഹനായിട്ടുള്ളവൻ الله തന്നെയാണ്. അവനല്ലാതെ മറ്റാർക്കും ആരാധന പാടില്ല തന്നെ.

قَالَ تَعَالَى: ﴿ لَيْسَ كَمِثْلِهِۦ شَيْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴾ الشورى: ١١

*''അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.''*

الله പറയുന്നു :

﴿ وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَمْلِكُ لَهُمْ رِزْقًا مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ شَيْـًٔا وَلَا يَسْتَطِيعُونَ ﴿٧٣﴾ فَلَا تَضْرِبُوا۟ لِلَّهِ ٱلْأَمْثَالَ ۚ إِنَّ ٱللَّهَ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴾ النحل: ٧٣ - ٧٤

*''ആകാശങ്ങളിൽ നിന്നോ ഭൂമിയിൽ നിന്നോ അവർക്ക് വേണ്ടി യാതൊരു രീതിയിലുള്ള രിസ്ഖും (ആകാശത്തിൽ നിന്നുള്ള മഴ, ഭൂമിയിൽ നിന്നുള്ള കൃഷിയിൽ നിന്നുള്ള വിള പോലെയുള്ള കാര്യങ്ങൾ) അധീനപ്പെടുത്തികൊടുക്കാത്തവരും, (യാതൊന്നിനും) കഴിയാത്തവരുമായിട്ടുള്ളവരെയാണ് الله വിന് പുറമെ അവർ ആരാധിക്കുന്നത്. 74. ആകയാൽ الله വിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും الله അറിയുന്നു. നിങ്ങൾ അറിയുന്നില്ല.''*

ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ വചനത്തിൽ ﷲ പറയുന്നു :

﴿ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ يَعۡلَمُ مَا بَيۡنَ أَيۡدِيهِمۡ وَمَا خَلۡفَهُمۡۖ وَلَا يُحِيطُونَ بِشَيۡءٖ مِّنۡ عِلۡمِهِۦٓ إِلَّا بِمَا شَآءَۚ وَسِعَ كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ وَلَا يَـُٔودُهُۥ حِفۡظُهُمَاۚ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ﴾ البقرة: ٢٥٥

*''ﷲ – അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട് ? അവരുടെ വരാനിരിക്കുന്ന കാര്യങ്ങളും കഴിഞ്ഞു പോയ കാര്യങ്ങളും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛരിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ കുർസി[16] ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.''*

ഇങ്ങിനെയുള്ള അത്യുന്നതമായ വിശേഷണങ്ങളുള്ള ആരാധ്യനെ വിട്ടാണോ മൃഗങ്ങളെയും വിഗ്രഹങ്ങളെയും മരിച്ചവരെയും എല്ലാ മനുഷ്യരെയും പോലെ ഇറച്ചിയും മാംസ്യവും തന്നെയുള്ള ആൾ ദൈവങ്ങളെയും ﷲ വിന് പുറമെ ആരാധിക്കുകയും അവനോട് പങ്ക് ചേർക്കുകയും ചെയ്യുന്നത്. ﷲ വേ നീ എത്ര പരിശുദ്ധൻ...

[16] ﷲ വിന്റെ പാദങ്ങളുടെ സ്ഥാനം.
ഇബ്ൻ അബ്ബാസ്, അബൂ മൂസ അശ്അരി യിൽ നിന്ന് (മൗഖൂഫ്-സ്വഹീഹ്)/ശൈഖ് അൽബാനി
ശൈഖ് ഉഥൈമീൻ തഫ്സീർ ആയതുൽ കുർസി.
കുറിപ്പ് :
*''ഇതു തന്നെ ആകാശഭൂമികളെ ഉൾകൊള്ളുന്നതാണെങ്കിൽ ﷲ വിന്റെ ഏറ്റവും വലിയ സൃഷ്ടിയായ അവന്റെ ഇരിപ്പിടത്തിന്റെയും (അർശ്) അവന്റെ തന്നെയും മഹത്വവും പ്രതാപവും എത്രയാകും. ഇതിന്റെയെല്ലാം രൂപവും വർണ്ണനയും നമ്മുടെ സങ്കൽപങ്ങൾക്ക് അതീതവും ﷲ വിന് മാത്രം അറിയുന്നതുമാണ്.''*

## റുകൂഉം, സുജൂദും - الرُّكُوْعُ وَالسُّجُوْد

**തെളിവ് :**

قَالَ تَعَالَى: ﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱرۡكَعُواْ وَٱسۡجُدُواْ ۩ وَٱعۡبُدُواْ رَبَّكُمۡ وَٱفۡعَلُواْ ٱلۡخَيۡرَ لَعَلَّكُمۡ تُفۡلِحُونَ ﴾ الحج: ٧٧

**"സത്യവിശ്വാസികളേ, നിങ്ങൾ റുകൂഉം സുജൂദും ചെയ്യുകയും, നിങ്ങളുടെ റബ്ബിനെ ആരാധിക്കുകയും, നൻമ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം."**

**<u>വിശദീകരണം :</u>**

റുകൂഉം സുജൂദും ഏറ്റവും ശ്രേഷ്ഠമായ ആരാധനാകർമ്മങ്ങളിൽ പെട്ടതാണ്. (നമുക്ക് നിയമമാക്കിയ രീതിയിൽ) അവന്റെ മഹത്വത്തിൽ വിനയാനിതനായി അവന്റെ മുന്നിൽ നടുവളച്ച് തല കുനിക്കുന്ന റുകൂഉം നെറ്റി ഭൂമിയിൽ പതിക്കുന്ന രീതിയിലുള്ള സുജൂദും ﷲ വിനല്ലാതെ മറ്റാർക്കും പാടില്ലാത്തതാണ്. ഈ കർമ്മങ്ങൾ ﷲ വിനല്ലാതെ ചെയ്ത് പോയാൽ അവൻ മുശ്‌രിക്കായി മാറി. റോമും ഫാരിസും പോലുള്ള മുൻ സമുദായങ്ങൾ അവരുടെ രാജാക്കന്മാരെ ആദരിക്കുകയും അവർക്ക് സുജൂദ് ചെയ്യുകയും ചെയ്യാറുണ്ടായിരുന്നു. ഇതു പോലെ മുആദ് ബ്ന് ജബൽ‎ﷺ റസൂലിന്ﷺ സുജൂദ് ചെയ്യാൻ തുനിഞ്ഞു. നബിﷺ അത് തടയുകയാണുണ്ടായത്. (അഹ്മദ്-21986)

സുജൂദിന്റെ ശ്രേഷ്ഠത പറയുന്ന ഹദീഥുകൾ നിരവധിയാണ്. സ്വർഗ്ഗത്തിൽ റസൂലിന്റെ അടുത്ത സൗഹൃദം ചോദിച്ച സ്വഹാബി റബീഅ ബ്ന് കഅ്ബിനോട്‎ അതിന് വേണ്ടി സുജൂദ് വർദ്ധിപ്പിക്കാൻ റസൂൽﷺ ആവശ്യപ്പെടുന്നു.[17] ഓരോ സുജൂദിലും ഓരോ പദവി വർദ്ധിക്കുകയും ഓരോ പാപം മായ്ക്കപ്പെടുകയും ചെയ്യുന്നു.[18] നമസ്കാരത്തിൽ, ഖുർആൻ പാരായണത്തിൽ ﷲ വിന് നന്ദി പ്രകടിപ്പിക്കൽ എന്നീ രീതിയിലുള്ള സുജൂദുകൾ ഖുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ടതാണ്.

ഇഖ്‌ലാസോടു കൂടിയുള്ള ആരാധനയും റുകൂഉം സുജൂദും അടങ്ങിയ നമസ്കാരവും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നത് പരലോക വിജയത്തിനുള്ള കാരണമായി ﷲ ഈ ആയത്തിൽ വ്യക്ത്മാക്കുന്നു. (തഫ്സീർ ഇമാംസഅദി)

[17] മുസ്‌ലിം:489
[18] മുസ്‌ലിം:488

## ഭക്തി - الْخُشُوع

**തെളിവ് :**

قَالَ تَعَالَى:﴿ وَإِنَّ مِنْ أَهْلِ ٱلْكِتَٰبِ لَمَن يُؤْمِنُ بِٱللَّهِ وَمَآ أُنزِلَ إِلَيْكُمْ وَمَآ أُنزِلَ إِلَيْهِمْ خَٰشِعِينَ لِلَّهِ لَا يَشْتَرُونَ بِـَٔايَٰتِ ٱللَّهِ ثَمَنًا قَلِيلًا ﴾ آل عمران: ١٩٩

**"തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. ﷲ വിലും, നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും, അവർക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും അവർ വിശ്വസിക്കും. (അവർ) ﷲ വോട് താഴ്മയുള്ളവരായിരിക്കും. ﷲ വിന്റെ വചനങ്ങൾ വിറ്റ് അവർ തുച്ഛമായ വില വാങ്ങുകയില്ല."**

**വിശദീകരണം :**

മനസ്സുമായി ബന്ധപ്പെട്ട ഈ ആരാധന - മനസ്സിന്റെ മൃദുലതയാണ്. മനസ്സും ശരീരവും ﷲ വിലേക്ക് പൂർണ്ണമായും സമർപ്പിച്ചുള്ള ഭകതിയോടെയുള്ള ആരാധനാകർമ്മങ്ങൾ - അതാണ് ﷲ വിന് ഇഷ്ടപ്പെടുന്നത്.

അവർ വിജയികളായിരിക്കുന്നു എന്ന് ﷲ പ്രശംസ ചൊരിഞ്ഞ ആരാധനാ കർമ്മം. അതില്ലാത്ത മനസ്സിൽ നിന്നും റസൂൽﷺ കാവലിനെ തേടുകയുണ്ടായി.[19]

قَالَ تَعَالَى:﴿ ۞ أَلَمْ يَأْنِ لِلَّذِينَ ءَامَنُوٓا۟ أَن تَخْشَعَ قُلُوبُهُمْ لِذِكْرِ ٱللَّهِ وَمَا نَزَلَ مِنَ ٱلْحَقِّ وَلَا يَكُونُوا۟ كَٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلُ ﴾ الحديد: ١٦

*''വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ ﷲ വിനെ പറ്റിയുള്ള സ്മരണയിലേക്കും, അവതരിച്ചു കിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ?''*

[19] മുസ്‌ലിം:2722

قَالَ تَعَالَىٰ: ﴿ قَدۡ أَفۡلَحَ ٱلۡمُؤۡمِنُونَ ① ٱلَّذِينَ هُمۡ فِي صَلَاتِهِمۡ خَٰشِعُونَ ﴾ المؤمنون: ١ - ٢

*"സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു.*

*2. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ,"*

ഇങ്ങിനെയുള്ള ശ്രേഷ്ഠമായ ഈ ആരാധന ﷲ വിന് മാത്രമുള്ളതാണ്. എന്നാൽ ഒരു കൂട്ടം ഇങ്ങിനെയുള്ള ഭക്തി അഞ്ചു നേരം നമസ്കാരങ്ങളിലേക്കാളും ജാറങ്ങളിലും മൗലിദ് റാതിബ് ചടങ്ങുകളിലും മറ്റുമാണ് പ്രകടമാക്കുന്നത്. അത് വലിയ ശിർക്കാണ്. ശൈഖുൽ ഇസ്ലാം ഇബ്ന് തൈമിയ്യ رحمه الله ഖബറാരാധകരെ പറ്റി പറയുന്നത് കാണുക :

*"ഇവർ ഖബറിനടുത്ത് കരയുകയും അതിഭക്തിയോടെയും വിനയത്തോടെയും താഴ്മയോടെയും ആരാധനകൾ അർപ്പിക്കുന്നു. എന്നാൽ ഇതൊന്നും അഞ്ചു നേരത്തെ നമസ്കാരങ്ങളിലോ ജുമുഅയിലോ രാത്രി നമസ്കാരങ്ങളിലോ പോലും ഇവർക്ക് ലഭിക്കുന്നില്ല. ഇത് മുശ്രിക്കീങ്ങളുടെ അവസ്ഥയാണ്, മുവഹിദീങ്ങളുടെയല്ല. ഇതുപോലെ തന്നെ കവിതകളും നശീദുകളും മറ്റും കേൾക്കുമ്പോൾ ഇവർക്ക് ഭക്തി വർദ്ധിക്കുന്നു. എന്നാൽ ഖുർആൻ ആയത്തുകൾ ഇവർക്ക് മനസ്സിന് ഇടുക്കം വരുത്തുകയാണ് ചെയ്യുന്നത്."*[20]

ശൈഖ് رحمه الله ഇവിടെ തെളിവായി നൽകിയ ആയത്തിൽ പറഞ്ഞ അഹ്ലുൽ കിതാബ് ആരെന്നുള്ള കാര്യത്തിൽ തഫ്സീർ പണ്ഡിതന്മാരിൽ അഭിപ്രായവ്യത്യാസമുണ്ട്. തെളിവോട് ഏറ്റവും അടുത്തത് അവർ നജ്ജാശി രാജാവും അദ്ദേഹത്തിന്റെ കൂടെ വിശ്വസിച്ചവരുമാണ്. അനസ്, ജാബിർ, അബൂ സഈദ് رضي الله عنهم എന്നിവരിൽ നിന്നും റിപ്പോർട്ട് ചെയ്ത ഹദീഥുകൾ ഇത് തെളിയിക്കുന്നു.[21]

ഈ ആയത്തിലൂടെ മുൻകഴിഞ്ഞ തലമുറയിലെ അവർക്ക് ഇറങ്ങിയ വേദങ്ങളിൽ വിശ്വസിച്ച, അത് അവതരിച്ച രൂപത്തിൽ നിന്ന് മാറ്റം വരുത്താതെയും തുച്ഛ വിലക്ക് വിൽക്കാതെയും ﷲ വിനെ മാത്രം ഭക്തിയോടെ ഭയപ്പെട്ട ഒരു കൂട്ടത്തെ പറ്റിയും അവർക്ക് പരലോകത്തുള്ള ഉത്തമമായ പ്രതിഫലത്തെ പറ്റിയും ﷲ ഈ ഉമ്മത്തിനെ അറിയിക്കുന്നു.

---

[20] മജ്മൂഅ് ഫതാവാ: വാല്യം: 15/പേജ്: 49,50

[21] തഫ്സീർ ത്വബരി കാണുക.

തെളിവായി ഈ ആയത്ത് പറഞ്ഞതിനു ശേഷം ശൈഖ് رَحِمَهُ اللهُ പറയുന്നു : *''ഇതു പോലെയുള്ള മറ്റു ആയത്തുകളും.''*

ഉദ്ദേശം : الله വിൽ മാത്രമുള്ള ഭക്തിയെ പറ്റി അവതരിച്ച മറ്റു ആയത്തുകൾ :

قَالَ تَعَالَى: ﴿ إِنَّهُمْ كَانُوا۟ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَٰشِعِينَ ﴾ الأنبياء: ٩٠

*''തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.''*

قَالَ تَعَالَى: ﴿ وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَٰشِعِينَ ﴿٤٥﴾ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُوا۟ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ ﴾ البقرة: ٤٥ - ٤٦

*''സഹനവും നമസ്കാരവും മുഖേന (الله വിന്റെ) സഹായം തേടുക. അത് (നമസ്കാരം) ഭക്തൻമാരല്ലാത്തവർക്ക് വലിയ (പ്രയാസമുള്ള) കാര്യം തന്നെയാകുന്നു. 46. തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടേണ്ടിവരുമെന്നും, അവങ്കലേക്ക് തിരിച്ചുപോകേണ്ടി വരുമെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവരത്രെ അവർ (ഭക്തൻമാർ).''*

قَالَ تَعَالَى: ﴿ وَٱلْخَٰشِعِينَ وَٱلْخَٰشِعَٰتِ ﴾ الأحزاب: ٣٥

*''ഭക്തിയുള്ളവരായ പുരുഷൻമാരും സ്ത്രീകളും''*

## കീഴ്‌വഴക്കവും മഹത്വപ്പെടുത്തലും - التَّذَلُّلُ، وَالتَّعْظِيْم

ﷲ വിനുള്ള നമ്മുടെ ആരാധനകൾ ഈ രണ്ട് പ്രധാന ഘടകങ്ങളോടെയല്ലാതെ പൂർത്തിയാകില്ല. ഇത് സൃഷ്ടാവായ ﷲ വിനോടല്ലാതെ ഉണ്ടാകാൻ പാടില്ല. അങ്ങിനെയായാൽ അത് ശിർക്കായി.

19 തരം ആരാധനാകർമ്മങ്ങൾ അതിന്റെ വ്യക്തമായ തെളിവോടു കൂടി പറഞ്ഞ ശേഷം ശൈഖ് رَحِمَهُ اللهُ ഒരു അതിപ്രധാനമായ തത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു.

**قال : فَمَنْ صَرَفَ شَيْئًا مِنْ هَذِهِ الْأَنْوَاعِ لِغَيْرِ اللهِ، فَقَدْ أَشْرَكَ بِاللهِ غَيْرَهُ**

**ആരെങ്കിലും ഈ തരത്തിലുള്ള (ആരാധനാകർമ്മങ്ങളിൽ) ഏതെങ്കിലും ﷲ വിനല്ലാതെ വേറെ ആർക്കെങ്കിലും ചെയ്തു പോയാൽ അവൻ ﷲ വിൽ മറ്റൊരാളെ പങ്കു ചേർത്തു.**

ശൈഖ് رَحِمَهُ اللهُ മുകളിൽ പറഞ്ഞ ഈ തത്വം ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന വലിയ ശിർക്കിന്റെ (ശിർക്കുൻ അക്ബർ) പരിധി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമാണ്. ഇതിന്റെ വിശദീകരണമായി തന്റെ കിതാബുതൗഹീദിന്റെ ശറഹിൽ ഇമാം സഅദി رَحِمَهُ اللهُ പറയുന്നു :

*“നമ്മുടെ ദീനിൽ നമുക്ക് കൽപ്പിക്കപ്പെട്ടതും നിയമമാക്കപ്പെട്ടതായി സ്ഥിരപ്പെട്ടതുമായ ഏതൊരു വിശ്വാസമോ വാക്കോ പ്രവർത്തിയോ ﷲ വിനു വേണ്ടി ചെയ്താൽ അതാണ് തൗഹീദും ഇഖ്‌ലാസും. എന്നാൽ അത് ﷲ വിനല്ലാതെ വേറെ ആർക്കെങ്കിലും ചെയ്താൽ അത് ശിർക്കും കുഫ്റുമാകുന്നു.”*[22]

എന്റെ മുസ്‌ലിം സഹോദരാ.. ത്വാലിബുൽ ഇൽമ് (أَرْشَدَكَ الله) മഹാനായ പണ്ഡിതനായ ഇമാം സഅദി رَحِمَهُ اللهُ മുകളിൽ പരാമർശിച്ച ഈ തത്വം മുറുകെ പിടിക്കുന്നതോടെ നിനക്ക് ശിർക്കും തൗഹീദും എന്തെന്ന് വേർതിരിച്ചറിയാനുള്ള

[22] അൽ ഖൗൽ അസ്സദീദ് വാള്യം: 1/പേജ്: 54

ഫുർഖാൻ ലഭിക്കുന്നതാണ്. ﷲ വിന്റെ ഈ വചനം ഈ തത്വത്തെ ബലപ്പെടുത്തുന്നു. ﷲ പറയുന്നു :

﴿ وَمَن يَدۡعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرۡهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓۚ إِنَّهُۥ لَا يُفۡلِحُ ٱلۡكَٰفِرُونَ ﴾ المؤمنون: ١١٧

*''വല്ലവനും ﷲ വോടൊപ്പം മറ്റ് വല്ല ആരാധ്യനെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ - അവന്റെ വിചാരണ അവന്റെ റബ്ബിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.''*

ഇന്ന് മുസ്ലിമെന്ന് അവകാശപ്പെടുന്ന അധികവും മുകളിൽ വിശദീകരിച്ച ആരാധനാകർമ്മങ്ങളിൽ അധികവും ﷲ വിനല്ലാത്തവർക്ക് അർപ്പിക്കുന്നവരാണ്. ഇതൊന്നും ആരാധനയിൽ പെട്ടതല്ലെന്ന് അവർ വാദിക്കുന്നു. ഇങ്ങിനെയുള്ള ആരാധ്യനും ആരാധനാ കർമ്മങ്ങളുമെല്ലാം ﷲ വിലേക്ക് അടുക്കാനുള്ള മാർഗ്ഗമായി ഇവർ കണക്കാക്കുന്നു. ﷲ പറയുന്നു :

﴿ أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ ﴾ الزمر: ٣

*''അറിയുക: ﷲ വിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) ﷲ വിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.''*

ശൈത്വാനും അവന്റെ കൂട്ടരും ഇക്കൂട്ടർക്ക് ഈ കർമ്മങ്ങളെല്ലാം ഭംഗിയായി തോന്നിക്കുന്നു. ശിർക്കിനെ മറ്റു പേരുകളും വിളിച്ച് അത് ശിർക്കല്ല എന്ന് വരുത്തിത്തീർക്കുന്നു. ഇമാം അമീർ സൻആനി رحمه الله തന്റെ കിതാബായ തത്ഹീർ അൽ ഇഅ്തിഖാദിൽ[23] പറയുന്നു : ആദ്യമായി ശൈത്വാൻ തന്നെയാണ് ഒരു തെറ്റിന് ഭംഗിയായ വേറെ ഒരു പേര് നൽകി അത് ഭംഗിയാക്കി നമ്മുടെ പിതാവായ ആദം عليه السلام മിനെ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കാൻ കാരണക്കാരനായത്. വിലക്കപ്പെട്ട വൃക്ഷത്തെ അനശ്വരത നൽകുന്ന വൃക്ഷമായി പേരുമാറ്റി ആ പാപത്തിലേക്ക് പ്രേരണ നൽകി.

ﷲ പറയുന്നു :

﴿ فَوَسۡوَسَ إِلَيۡهِ ٱلشَّيۡطَٰنُ قَالَ يَٰٓـَٔادَمُ هَلۡ أَدُلُّكَ عَلَىٰ شَجَرَةِ ٱلۡخُلۡدِ وَمُلۡكٖ لَّا يَبۡلَىٰ ﴾ طه: ١٢٠

---

[23] പേജ് : 62

*"അപ്പോൾ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും, ക്ഷയിച്ച് പോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് അറിയിച്ച് തരട്ടെയോ?"*

ഇങ്ങനെ പേര് മാറ്റം ചെയ്ത് ഈ ശിർക്കി കർമ്മങ്ങളിലേക്ക് ആളുകളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു, ഇന്നത് ചെയ്താൽ ഇന്ന പ്രതിഫലം ലഭിക്കും എന്നുള്ള പ്രോത്സാഹനവും ഇന്നത് ചെയ്തില്ലെങ്കിൽ നിനക്ക് ഇന്നതൊക്കെ സംഭവിക്കുമെന്നുള്ള ഭയപ്പെടുത്തലും വിവരമില്ലാത്ത ഈമാൻ ശക്തമല്ലാത്തവരുടെ മനസ്സിൽ സ്വാധീനമുണ്ടാക്കുന്നു. ഇതുമൂലം പ്രതീക്ഷയോ ഭയമോ കാരണമായി ഈ കർമ്മങ്ങൾ ചെയ്യാൻ അവൻ പ്രേരിതരാകുന്നു. അതുപോലെ തങ്ങളുടെ പിതാക്കൾ ചെയ്തിരുന്നത് ഞങ്ങളും പിൻപറ്റുകയാണെന്നും പറഞ്ഞ് ചോദ്യങ്ങളിൽ നിന്നും അറിവില്ലാത്ത ഇവർ ഒഴിഞ്ഞു മാറുന്നു. ﷲ പറയുന്നു :

﴿ وَإِذَا قِيلَ لَهُمُ ٱتَّبِعُواْ مَآ أَنزَلَ ٱللَّهُ قَالُواْ بَلْ نَتَّبِعُ مَآ أَلْفَيْنَا عَلَيْهِ ءَابَآءَنَآ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْقِلُونَ شَيْـًٔا وَلَا يَهْتَدُونَ ﴾ البقرة: ١٧٠

*"ﷲ അവതരിപ്പിച്ചത് നിങ്ങൾ പിൻ പറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻ പറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻ പറ്റുകയാണോ?)"*

എന്നാൽ ഇവർ ഖുർആനും സുന്നത്തും എന്ത് പറയുന്നു എന്ന് നോക്കാൻ തുനിയുന്നില്ല. അവരുടെ വലിയ്യുമാരുടെയും തങ്ങൾമാരുടെയും വാക്കുകൾക്കേ വിലകൽപ്പിക്കുന്നുള്ളൂ. അവർ ഞങ്ങളേക്കാളും ഖുർആനും സുന്നത്തും അറിയുന്നവരാണെന്ന് പറയുകയും ബുദ്ധി അവർക്ക് പണയം വെക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ( لا إله إلاّ الله ) പറഞ്ഞാൽ മുസ്‌ലിമായി എത്രയൊക്കെ വലിയ്യിനോടും ഖബറിനോടും ദുആ ചെയ്താലും അവർക്ക് ബലികർമ്മം നടത്തിയാലും ഞാൻ മുസ്‌ലിമാണെന്ന് പറയുന്നു. എന്നാൽ ഇവർ വായ കൊണ്ട് ( لا إله إلاّ الله ) പറയുകയും അവരുടെ പ്രവർത്തികൊണ്ട് അതിന്റെ പവിത്രത കളങ്കപ്പെടുത്തി വിശ്വാസത്തിൽ പിഴച്ചു പോവുകയും അത്മൂലം ഇസ്‌ലാമിൽ നിന്ന് പുറത്ത് പോവുകയും ചെയ്യുന്നു.

ഈ പുസ്തക രചന നടക്കുന്നത് ശഅബാൻ മാസത്തിലാണ്. യെമനിലെ ഹള്റമൗത്തിലെ തരീം എന്ന സ്ഥലത്ത് ശഅബാനിൽ നടക്കുന്ന ശിർക്ക് കേട്ടാൽ ആരും അതിശയിച്ചു പോകും. മുഅമിൻ തന്റെ വിരലുയർത്തി പറഞ്ഞു പോകും لا إله إلاّ الله - ഹള്റമൗത്തിലെ തരീമിനടുത്ത് ഹൂദ് നബിയുടെ ഖബർ ഉണ്ടെന്നാണ് ഇവിടുത്തെ ഖുബൂരികളും സൂഫികളും കള്ളാരോപണം നടത്തുന്നത്.

ഹിജ്റ ഏഴാം നൂറ്റാണ്ടിൽ തിരികൊളുത്തിയ ഈ കള്ളാരോപണം ഇന്ന് കൊടികുത്തി വാഴുകയാണ്. ഹൂദ് നബിയുടെ ഖബർ സന്ദർശനം ശഅബാൻ എട്ടിന് തുടങ്ങുന്നു. ഹജ്ജിന്റെ കർമ്മത്തിനോട് സാദൃശ്യപ്പെടുത്തിയാണ് ഇതിനെ മോടിപിടിപ്പിച്ചിരിക്കുന്നത്. ത്വവാഫും, കല്ലേറിയലും, രണ്ട് റക്അത്ത് നമസ്കാരവും, അറഫയിലെ നിറുത്തവുമെല്ലാം ഇവർ അതുപോലെ ഇവിടെയും അനുകരിക്കുന്നു. ഇവരുടെ ഈ ശിർക്കി സന്ദർശനത്തിന് ആദ്യകാലങ്ങളിൽ ഇവരുടെ കള്ള പണ്ഡിതന്മാർ പ്രതിഫലം പറഞ്ഞിരുന്നത് ഏഴ് പ്രാവശ്യം ആ ഖബർ സന്ദർശിച്ചാൽ അയാൽ ഹജ്ജ് ചെയ്യേണ്ടതില്ല. അയാൾക്ക് ഹജ്ജിന്റെ പ്രതിഫലം ലഭിച്ചു. പിന്നീട് അവർ എണ്ണം കുറച്ച് മൂന്നാക്കി. ഇപ്പോൾ പുതിയ ഓഫർ പ്രകാരം ഒരു പ്രാവശ്യം ഹൂദിന്റെ ഖബർ സന്ദർശനം ഇവർ പറയുന്ന ശർത്തുകളോടെ നടത്തിയാൽ ഹജ്ജിന്റെ ബാധ്യത അയാളിൽ നിന്ന് ഒഴിവായി لا إلاه إلاّ الله .

ഹൂദ് ഹൂദ് എന്ന് വിളിച്ച് അദ്ദേഹത്തിനോട് ദുആ ചെയ്യുന്നു. ഇവരുടെ ഔലിയാക്കളെന്ന് പറയുന്നവർ സൃഷ്ടിക്കുകയും മരിപ്പിക്കുകയും ചെയ്യുമെന്ന് കള്ളം കെട്ടിച്ചമച്ച് വിവരമില്ലാത്തവരെ വഞ്ചിക്കുന്നു. ചില ഗോത്രങ്ങൾക്കും വ്യക്തികൾക്കും പവിത്രത നൽകുക മടിയന്മാരുടെ പള്ളയും കീശയും വീർപ്പിക്കുക, ഇസ്ലാമിന്റെ ശത്രുക്കളെ സഹായിക്കുക, ആളുകളെ الله വിന്റെ പവിത്രമായ ദീനിൽ നിന്നും റസൂലിന്റെ സുന്നത്തിൽ നിന്നും അകറ്റുക എന്നത് തന്നെയാണ് ഇതിന്റെ ലക്ഷ്യം.

ഇതിന്റെ മറുപുറം കൂടി നാം വായിക്കേണ്ടതുണ്ട് - ഒരു മുസ്ലിം എങ്ങിനെയാണ് الله അല്ലാത്തവരോട് സഹായം തേടുന്ന അവസ്ഥയിലേക്ക് എത്തുന്നത്.

അറിവില്ലായ്മ; ശരിയായ സ്രോതസ്സിൽ നിന്ന് ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിയ രീതിയിലുള്ള ദീനിലെ അറിവ് തേടുന്നതിൽ നിന്ന് നമ്മുടെ സമൂഹം പിന്തിരിഞ്ഞതാണ് ഈ വിശ്വാസ അധഃപതനത്തിന് മുഖ്യ കാരണം. പൗരോഹിത്യം ഈ അവസരം മുതലെടുത്തു. സൃഷ്ടാവിനെയും സൃഷ്ടിപ്പിന്റെ ലക്ഷ്യവും മറന്നുള്ള الله വിന്റെ ഉൽബോധനത്തിൽ നിന്ന് അകന്നവർക്ക് ജീവിത പ്രതിസന്ധികളിൽ ശൈത്വാൻ കൂട്ടായി മാറി.

قَالَ تَعَالَى: ﴿ وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ۝٣٦ وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴾ الزخرف: ٣٦ - ٣٧

*"പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും. 37. തീർച്ചയായും അവർ (പിശാചുക്കൾ) അവരെ നേർമാർഗത്തിൽ നിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും."*

എന്നാൽ പ്രതിസന്ധികളിൽ ഒരു വിശ്വാസി എങ്ങിനെയാകണം..

قَالَ تَعَالَى: ﴿ وَٱسْتَعِينُواْ بِٱلصَّبْرِ وَٱلصَّلَوٰةِ ﴾ البقرة: ٤٥

*''സഹനവും നമസ്കാരവും മുഖേന (ﷲ വിന്റെ ) സഹായം തേടുക.''*

പ്രതിസന്ധികളിൽ ക്ഷമ കൈകൊണ്ടും നമസ്കാരം മുഖേനയും ﷲ വിന്റെ സഹായം തേടുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്. ഇതാണ് പ്രവാചകൻ നമ്മെ പഠിപ്പിച്ചത്.[24]

ﷲ നമ്മെ ഇങ്ങിനെയുള്ള വിശ്വാസ അധഃപതനത്തിൽ നിന്ന് കാത്തു രക്ഷിക്കുകയും അവനെ മാത്രം ആരാധിക്കുന്നവരായി മരിപ്പിക്കുകയും ചെയ്യുമാറാകട്ടെ.. ശിർക്കിൽ നിന്ന് നാം രക്ഷ തേടേണ്ടതുണ്ട്. തൗഹീദുള്ളവരാണെന്ന് പറഞ്ഞ് അതിൽ അശ്രദ്ധരാകാൻ പാടില്ല. തൗഹീദിന്റെ നേതാക്കളിൽ ഒരാളും വിഗ്രഹങ്ങളെ തച്ചുടച്ച് അത് നടപ്പിൽ വരുത്തിയ ﷲ ഏറ്റവും അടുത്ത സുഹൃത്തായി തിരഞ്ഞെടുത്ത ഇബ്രാഹീം നബി(عليه السلام) പോലും വിഗ്രഹത്തെ ആരാധിക്കുന്നതിൽ നിന്ന് രക്ഷ തേടിയിട്ടുണ്ട്. അങ്ങിനെയെങ്കിൽ ദുർബലരായ നമ്മളോ.. ﷲ പറയുന്നു :

﴿ وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴾ ابراهيم: ٣٥

*''ഇബ്രാഹീം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.) എന്റെ റബ്ബേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.''*

---

[24] അബൂദാവൂദ് : 1319

വിഷമങ്ങളിലും ബുദ്ധിമുട്ടുകളിലും റസൂൽ യുടെ പ്രാർത്ഥനകൾ :

لاَ إِلَهَ إِلَّا اللَّهُ العَظِيمُ الحَلِيمُ، لاَ إِلَهَ إِلَّا اللَّهُ رَبُّ العَرْشِ العَظِيمِ، لاَ إِلَهَ إِلَّااللَّهُ رَبُّ السَّمَوَاتِ وَرَبُّ الأَرْضِ، وَرَبُّ العَرْشِ الكَرِيمِ

(ഇബ്ൻ അബ്ബാസ്(رضي الله عنه) -ബുഖാരി:7431/മുസ്ലിം:2730)

اللَّهُمَّ إِنِّي عَبْدُكَ ابْنُ عَبْدِكَ ابْنُ أَمَتِكَ ، نَاصِيَتِي بِيَدِكَ مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجَلَاءَ حُزْنِي، وَذَهَابَ هَمِّي

(അബ്ദുല്ലാഹ് ബ്നു മസ്ഊദ്(رضي الله عنه),അഹ്മദ്:3712)

فَإِنْ قِيْلَ: فَمَا أَجَلُّ أَمْرٍ أَمَرَ اللهُ بِهِ؟. قِيْلَ: تَوْحِيْدُهُ بِالْعِبَادَةِ -وَقَدْ تَقَدَّمَ بَيَانُهُ.

وَأَعْظَمُ نَهْيٍ نَهَى اللهُ عَنْهُ: الشِّرْكُ بِهِ، وَهُوَ: أَنْ يَدْعُوَ مَعَ اللهِ غَيْرَهُ، أَوْ يَقْصِدَهُ بِغَيْرِ ذَلِكَ مِنْ أَنْوَاعِ الْعِبَادَةِ.

فَمَنْ صَرَفَ شَيْئًا مِنْ أَنْوَاعِ الْعِبَادَةِ لِغَيْرِ اللهِ فَقَدِ اتَّخَذَهُ رَبًّا وَإِلَهًا، وَأَشْرَكَ مَعَ اللهِ غَيْرَهُ.

ശൈഖ് رحمه الله പറയുന്നു :

**ﷲ കൽപ്പിക്കപ്പെട്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ കൽപന ഏതെന്ന് ചോദിക്കപ്പെട്ടാൽ?**

ശൈഖ് رحمه الله ഉത്തരം നൽകുന്നു :

**അത് ആരാധനയിൽ അവനെ ഏകനാക്കുക എന്നതാണ്. അതിനെ പറ്റി നാം വ്യക്തമാക്കിക്കഴിഞ്ഞു. അതുപോലെ തന്നെ – ﷲ നിരോധിച്ചതിൽ വെച്ച് ഏറ്റവും വലിയ നിരോധനം എന്താണ് ? അത് അവനിൽ പങ്കു ചേർക്കലാണ്. ﷲ വിന്റെ കൂടെ വേറെയാളുകളെ വിളിച്ചു തേടുക അല്ലെങ്കിൽ മറ്റുള്ള ആരാധനാകർമ്മങ്ങളിൽ ﷲ വല്ലാത്തവരെ ഉദ്ധേശിക്കലുമാണത്. (മുകളിൽ പറഞ്ഞ) ആരാധനാകർമ്മങ്ങളിൽ നിന്ന് ഏതെങ്കിലും ﷲ അല്ലാത്തവർക്ക് വേണ്ടി ചെയ്ത് പോയാൽ അവൻ അവരെ പരിപാലകനായും ആരാധ്യനായും തിരഞ്ഞെടുക്കുകയും ﷲ വിൽ മറ്റൊരാളെ പങ്കു ചേർക്കുകയും ചെയ്തു.**

**<u>വിശദീകരണം :</u>**

ഏറ്റവും മഹത്തായ കൽപനയും ഏറ്റവും വലിയ നിരോധനയും – തൗഹീദും ശിർക്കും. ഖുർആൻ ആദ്യം മുതൽ പാരായണം ചെയ്ത് തുടങ്ങിയാൽ കാണുന്ന ആദ്യത്തെ കൽപനയും ആദ്യത്തെ വിലക്കും ഇത് രണ്ടും തന്നെയാണ്.

قَالَ تَعَالَىٰ: ﴿ يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ﴾ البقرة: ٢١

*''ജനങ്ങളേ, നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ''*

قَالَ تَعَالَىٰ: ﴿ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا ﴾ البقرة: ٢٢

*''നിങ്ങൾ ﷲ വിന് സമൻമാരെ ഉണ്ടാക്കരുത്.''*

ﷲ കൽപിച്ചതിൽ വെച്ച് ഏറ്റവും മഹത്തായ കൽപന അത് തൗഹീദാണ്. അത് ആരാധനകൾ അവന്ന് മാത്രമാക്കലാണ്. നമസ്കാരത്തേക്കാളും നോമ്പിനേക്കാളും സകാത്തിനേക്കാളും എല്ലാ ആരാധനാ കർമ്മങ്ങളേക്കാളും ഉത്തമമായതും മഹത്വമായതുമാണ് തൗഹീദ്. റസൂൽﷺ ആദ്യമായി പ്രബോധനം നടത്തിയതും അതിലേക്കായിരുന്നു.( لا إلاه إلاّ الله محمد رسول الله) പറഞ്ഞാൽ നമസ്കാരത്തിനും സകാത്തിനും മറ്റും കൽപിക്കപ്പെടും എന്നാൽ അത് പറയാത്തവൻ ഈ കർമ്മങ്ങൾ ചെയ്താൽ ഒരു ഗുണവുമില്ല. അതൊന്നും സ്വീകരിക്കപ്പെടില്ല. അതുകൊണ്ടാണ് യെമനിലേക്ക് മുആദ് ബ്ന് ജബൽ رضي الله عنه നെ ദഅ്‌വത്തിനയക്കുമ്പോൾ റസൂൽﷺ പറഞ്ഞത് :

*''ആദ്യമായി നീ അവരെ ക്ഷണിക്കേണ്ടത് ﷲ മാത്രമാണ് ആരാധ്യൻ, മുഹമ്മദ് അവന്റെ പ്രവാചകനാണ് എന്നതിലേക്കാണ്.''* [25]

അത് അവർ അംഗീകരിച്ചതിനു ശേഷമേ മറ്റുള്ള നമസ്കാരം, സകാത്ത് എന്നിവയെ പറ്റി പറയാൻ കൽപിച്ചത്. ഇവിടെ തൗഹീദിന്റെ മഹത്വം വ്യക്തമാകുന്നു. അതാണ് ഈ ദീനിന്റെ അടിസ്ഥാനം.

قَالَ تَعَالَىٰ: ﴿ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾ إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴾ فاطر: ١٣ - ١٤

*''അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ ﷲ. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. 14. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (ﷲ വെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.''*

[25] ബുഖാരി : 1458, മുസ്ലിം : 19

قَالَ تَعَالَى: ﴿ يَٰصَٰحِبَيِ ٱلسِّجۡنِ ءَأَرۡبَابٌ مُّتَفَرِّقُونَ خَيۡرٌ أَمِ ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ﴾ يوسف: ٣٩

*''ജയിലിലെ രണ്ട് സഹവാസികളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവ്വാധികാരിയുമായ الله വാണോ?''*

قَالَ تَعَالَى: ﴿ مَا ٱتَّخَذَ ٱللَّهُ مِن وَلَدٖ وَمَا كَانَ مَعَهُۥ مِنۡ إِلَٰهٍۚ إِذٗا لَّذَهَبَ كُلُّ إِلَٰهِۭ بِمَا خَلَقَ وَلَعَلَا بَعۡضُهُمۡ عَلَىٰ بَعۡضٖۚ سُبۡحَٰنَ ٱللَّهِ عَمَّا يَصِفُونَ ﴾ المؤمنون: ٩١

*''الله യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ആരാധ്യനുമുണ്ടായിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും, അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം الله എത്ര പരിശുദ്ധൻ!''*

ഇതുപോലെ തന്നെ തൗഹീദ് ഏറ്റവും മഹത്തായ കൽപനയാണെന്നും ശിർക്ക് ഏറ്റവും വലിയ നിരോധനവും ആണെന്നതിനുള്ളതിന്റെ ഖുർആനിൽ നിന്നുള്ള തെളിവുകൾ താഴെ കാണാം.

- മനുഷ്യന്റെ പത്ത് ബാധ്യതകൾ പറഞ്ഞ ആയത്തിൽ الله ആദ്യം തുടങ്ങിയത് ഇങ്ങിനെയാണ് :

قَالَ تَعَالَى: ﴿ ۞ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ ﴾ النساء: ٣٦

*''നിങ്ങൾ الله വെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക.''*

- പത്ത് നിർദ്ധേശങ്ങൾ പറഞ്ഞ ആയത്തിൽ ആദ്യം പറയുന്നതിങ്ങനെയാണ് :

قَالَ تَعَالَى: ﴿ أَلَّا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ ﴾ الأنعام: ١٥١

*''അവനോട് യാതൊന്നിനെയും നിങ്ങൾ പങ്ക് ചേർക്കരുത്.''*

- മുകളിൽ സൂചിപ്പിച്ച മുആദ്ﷺ വിന്റെ ഹദീഥിൽ പറഞ്ഞത് പോലെ പ്രവാചകന്മാരുടെ ആദ്യത്തെ പ്രബോധനം :

قَالَ تَعَالَىٰ: ﴿ وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّـٰغُوتَ ﴾ النحل: ٣٦

*"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ الله വെ ആരാധിക്കുകയും, അല്ലാഹു അല്ലാത്ത മറ്റു ആരാധ്യരെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)"*

قَالَ تَعَالَىٰ: ﴿ وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ﴾ الأنبياء: ٢٥

*"ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല."*

قَالَ تَعَالَىٰ: ﴿ وَسْـَٔلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَآ أَجَعَلْنَا مِن دُونِ ٱلرَّحْمَـٰنِ ءَالِهَةً يُعْبَدُونَ ﴾ الزخرف: ٤٥

*"നിനക്ക് മുമ്പ് നമ്മുടെ ദൂതൻമാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക. പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ആരാധ്യരേയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്."*

- അതുപോലെ തന്നെ (ബുഖാരി, മുസ്ലിം) റിപ്പോർട്ട് ചെയ്ത ഹദീഥിൽ ഏറ്റവും വലിയ പാപമേതെന്നുള്ള ചോദ്യത്തിന് മറുപടിയായി റസൂൽﷺ പറഞ്ഞത് :

*الله വിന് പങ്കാളികളെ ചേർക്കുക എന്നാണ്.*[26]

[26] അബ്ദുല്ലാഹ് ബ്ൻ മസ്ഊദ്, ബുഖാരി-447, മുസ്ലിം-86

**ശിർക്കിന്റെ അപകടവും ദോഷവും വ്യക്തമാക്കുന്ന ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള തെളിവുകൾ താഴെ കാണാം :**

- ലുഖ്മാൻ‎عليه السلام തന്റെ മകന് നൽകുന്ന ഉപദേശത്തിൽ ആദ്യത്തേത് :

قَالَ تَعَالَىٰ: ﴿ وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَيَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴾ لقمان: ١٣

*''ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ الله വോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.''*

- അത് അവസാനമില്ലാത്ത നരക ശിക്ഷക്ക് കാരണമാകും :

قَالَ تَعَالَىٰ: ﴿ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴾ المائدة: ٧٢

*''الله വോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും الله അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്.''*

റസൂൽ‎ﷺ പറയുന്നു : *''ആരെങ്കിലും الله വിൽ പങ്കു ചേർക്കാതെ മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. الله വിൽ പങ്കു ചേർത്തവനായി (ശിർക്ക് ചെയ്ത് കൊണ്ട്) മരണപ്പെട്ടാൽ നരകത്തിൽ പ്രവേശിച്ചു.''*[27]

- വലിയ ശിർക്ക് ചെയ്താൽ അവന്റെ എല്ലാ കർമ്മങ്ങളും അത് മൂലം പാഴായിപ്പോകും.

قَالَ تَعَالَىٰ: ﴿ وَلَوْ أَشْرَكُوا۟ لَحَبِطَ عَنْهُم مَّا كَانُوا۟ يَعْمَلُونَ ﴾ الأنعام: ٨٨

*''അവർ (الله വോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.''*

[27] ജാബിർ, ഇബ്ന് മസ്ഊദ് رضي الله عنهما ബുഖാരി.

قَالَ تَعَالَى: ﴿ وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴾ الزمر: ٦٥

*''തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (الله വിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.''*

വലിയ ശിർക്ക് ചെയ്യുന്നവരുടെ മുൻപ് ചെയ്ത എല്ലാ കർമ്മങ്ങളും പാഴായിപ്പോകും. എന്നാൽ രിയാഅ് പോലുള്ള ചെറിയ ശിർക്ക് മൂലം ആ കർമ്മം മാത്രമേ പാഴാവുകയുള്ളൂ.[28] ശിർക്ക് ചെയ്തവർ തൗബ ചെയ്യാൻ ധൃതി കൂട്ടേണ്ടതാണ്. അവർ الله വിന്റെ കാരുണ്യത്തിൽ നിരാശപ്പെടരുത്.

الله പറയുന്നു :

قَالَ تَعَالَى: ﴿ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴾ النور: ٣١

*''സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും الله വിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.''*

قَالَ تَعَالَى: ﴿ ۞ قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴾ الزمر: ٥٣

*''പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, الله വിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും الله പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും (വിശ്വാസികളോട്) കാരുണ്യമുള്ളവനും.''*

എന്നാൽ മുസ്ലിംകളുടെ ഇടയിൽ ജീവിച്ച് ഖുർആനും സുന്നത്തും അറിയാനുള്ള അവസരമുണ്ടായിട്ടും അത് ചോദിക്കാനും പഠിക്കാനും താൽപര്യപ്പെടാത്തവരുടെ, അങ്ങനെ ശിർക്ക് ചെയ്ത് മരണപ്പെട്ടവരുടെ മേൽ ഒരു രീതിയിലുമുള്ള ഒഴിവു കഴിവോ ഇല്ല, ഖുർആനും സുന്നത്തും അയാൾക്കെതിരെ സാക്ഷിയാണ്. അയാൾ മരണപ്പെട്ടാൽ അയാൾക്ക് വേണ്ടി നമസ്കാരമോ, അയാൾക്ക് വേണ്ടി ഹജ്ജോ ഉംറയോ ചെയ്യാനോ ദാനം കൊടുക്കാനോ പാപമോചനം തേടാനോ പാടില്ല. ദീനിൽ അത്യാവശ്യമായ

[28] ഫതാവാ ലജ്ന ദാഇമ, ചോദ്യം: 21677, വോള്യം: 1/പേജ്: 362

അറിവ് നേടേണ്ടത് ഒരു മുസ്‌ലിമിന്റെ മേൽ നിർബന്ധമാണ്.[29] അറിഞ്ഞ് കൊണ്ട് ﷲ വിനെ ആരാധിക്കുക. ആ ശരിയായ അറിവ് നേടുന്നതിലൂടെ ഇങ്ങിനെയുള്ള കാലാകാലം അതികഠിന നരക ശിക്ഷ അനുഭവിക്കേണ്ടി വരുന്നതിൽ നിന്ന് രക്ഷ ലഭിക്കുകയും ഒരു കണ്ണും കാണാത്ത ഒരു കാതും കേൾക്കാത്തതും ഒരു മനസ്സും ചിന്തിക്കാത്തതുമായ സ്വർഗ്ഗം നേടാനും കഴിയും. ഇങ്ങിനെയുള്ള തൗഹീദും ശിർക്കും പഠിപ്പിക്കുക, അതിലേക്ക് ജനങ്ങളെ ക്ഷണിക്കുക ഇതാണ് അഹ്‌ലുസ്സുന്നയുടെ ദഅ്‌വത്തിന്റെ പ്രത്യേകത. മറ്റുള്ള ദഅ്‌വ എന്ന് കൊട്ടിഘോഷിക്കുന്നവർ മറ്റു പലതിനുമാണ് പ്രാധാന്യം നൽകുന്നത്. ഇങ്ങിനെയുള്ള തൗഹീദിന്റെ പ്രാധാന്യവും ശിർക്കിന്റെ അപകടവും അറിഞ്ഞ് മനസ്സിലാക്കിയ ആരും അതിനെ വിലകുറച്ച് കാണില്ല. ഇങ്ങിനെയുള്ള തൗഹീദിന്റെ പ്രചാരകരാകാൻ ﷲ നമുക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ..

[29] നൂർ അലാ ദർബ് ഫതാവാ ഇബ്ന് ബാസ് رَحِمَهُ ٱللَّهُ വാള്യം:1/പേജ്:260 (ക്രോഡീകരണം: മുഹമ്മദ് ബ്ൻ സഅദ്) കാണുക.

تَقَدَّمَ مِنَ الْآيَاتِ مَا يَدُلُّ عَلَى أَنَّ هَذَا هُوَ الشِّرْكُ الَّذِيْ نَهَى اللهُ عَنْهُ، وَأَنْكَرَهُ عَلَى الْمُشْرِكِيْنَ، وَقَدْ قَالَ تَعَالَى: ﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴾ [النّساء: 48]

وَقَالَ تَعَالَى: إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴾ [المائدة: 72]. وَصَلَّى اللهُ عَلَى مُحَمَّدٍ.

**ഈ വിശിഷ്ടമായ രചന അവസാനിപ്പിച്ചു കൊണ്ട് ശൈഖ് رَحِمَهُ اللهُ പറയുന്നു : മുൻകഴിഞ്ഞ ആയത്തുകളിൽ നിന്ന് ഇതൊക്കെയാണ് الله നിരോധിച്ചതും മുശ്‌രിക്കുകൾക്കെതിരെ തിരസ്കരിച്ചതുമായ ശിർക്കെന്ന് തെളിയിക്കുന്നു.**

الله **പറഞ്ഞിട്ടുണ്ട് :**

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴾ النساء: ٤٨

***“തന്നോട് പങ്കുചേർക്കപ്പെടുന്നത് الله ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ الله വോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.”***

الله **പറയുന്നു :**

﴿ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴾ المائدة: ٧٢

***“الله വോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും الله അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്.”***

മുകളിൽ വിശദീകരിച്ച 19 തരം ആരാധനാകർമ്മങ്ങളും അതിന്റെ തെളിവുകളായ ആയത്തുകളിൽ നിന്നും ശിർക്ക് എന്താണെന്ന് വ്യക്തമാണ്.

ശൈഖ് رحمه الله അവസാനമായി പറഞ്ഞ രണ്ട് ആയത്തുകളിൽ നിന്ന് ശിർക്ക് തൗബ കൂടാതെ ഒരിക്കലും പൊറുക്കപ്പെടാത്ത വൻപാപമാണെന്ന് നാം മനസ്സിലാക്കി. അതുപോലെ ശിർക്ക് ഒഴിച്ച് മറ്റുള്ള വ്യഭിചാരം, പലിശ, കള്ള്കുടി, മോഷണം എന്നീ പാപങ്ങൾ الله ഉദ്ദേശിച്ചാൽ ശിക്ഷിക്കുകയോ പൊറുത്തു കൊടുക്കുകയോ ചെയ്തേക്കാം, എന്നാൽ ഇതൊന്നും ഒരിക്കലും കാലാകാലമുള്ള നരക പ്രവേശനത്തിന് കാരണമാകില്ല. അവരുടെ പാപത്തിന്റെ വലിപ്പ ചെറുപ്പമനുസരിച്ച് ശിക്ഷിക്കുകയും പിന്നീട് നരകത്തിൽ നിന്ന് പുറത്ത് കൊണ്ട് വരപ്പെടുകയും ചെയ്യും. കാരണം അവർ തൗഹീദുള്ളവരും മുഅ്മിനീങ്ങളുമാണ്. എന്നാൽ ശിർക്കെന്ന മഹാപാപം ഒരിക്കലും പൊറുക്കപ്പെടില്ല. മരിക്കുന്നതിന് മുമ്പ് തൗബ ചെയ്താലല്ലാതെ. ശിർക്ക് ചെയ്ത് മരണപ്പെട്ടയാൾ കാലാകാലം വെന്തെരിയുന്ന നരക ശിക്ഷയിലായിരിക്കും. ഒരിക്കലും അതിൽ നിന്ന് പുറത്ത് മോക്ഷം ലഭിക്കുകയില്ല. الله നമ്മെ അതിൽ നിന്ന് കാത്തു രക്ഷിക്കട്ടെ..

قَالَ تَعَالَى: ﴿ إِذْ تَبَرَّأَ ٱلَّذِينَ ٱتُّبِعُواْ مِنَ ٱلَّذِينَ ٱتَّبَعُواْ وَرَأَوُاْ ٱلْعَذَابَ وَتَقَطَّعَتْ بِهِمُ ٱلْأَسْبَابُ ﴿١٦٦﴾ وَقَالَ ٱلَّذِينَ ٱتَّبَعُواْ لَوْ أَنَّ لَنَا كَرَّةً فَنَتَبَرَّأَ مِنْهُمْ كَمَا تَبَرَّءُواْ مِنَّا كَذَٰلِكَ يُرِيهِمُ ٱللَّهُ أَعْمَٰلَهُمْ حَسَرَٰتٍ عَلَيْهِمْ وَمَا هُم بِخَٰرِجِينَ مِنَ ٱلنَّارِ ﴾ البقرة: ١٦٦ - ١٦٧

*''പിന്തുടരപ്പെട്ടവർ (നേതാക്കൾ) പിന്തുടർന്നവരെ (അനുയായികളെ) വിട്ട് ഒഴിഞ്ഞ് മാറുകയും, ശിക്ഷ നേരിൽ കാണുകയും, അവർ (ഇരുവിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്.)*

*167.പിന്തുടർന്നവർ (അനുയായികൾ) അന്നു പറയും : ഞങ്ങൾക്ക് (ഇഹലോകത്തേക്ക്) ഒരു തിരിച്ചുപോക്കിന്നവസരം കിട്ടിയിരുന്നെങ്കിൽ ഇവർ ഞങ്ങളെ വിട്ടൊഴിഞ്ഞ് മാറിയത് പോലെ ഞങ്ങൾ ഇവരെ വിട്ടും ഒഴിഞ്ഞു മാറുമായിരുന്നു. അപ്രകാരം അവരുടെ കർമ്മങ്ങളെല്ലാം അവർക്ക് ഖേദത്തിന് കാരണമായി ഭവിച്ചത് الله അവർക്ക് കാണിച്ചുകൊടുക്കും. നരകാഗ്നിയിൽ നിന്ന് അവർക്ക് പുറത്ത് കടക്കാനാകുകയുമില്ല.''*

وصلى الله على محمد

മലക്കുകൾ ഹാജരുള്ള الله വിന്റെ സന്നിധിയിൽ الله വിന്റെ സ്തുതിയും പ്രാർത്ഥനയും, മലക്കുകളുടെ പ്രാർത്ഥനക്കും വേണ്ടി റസൂൽﷺ ക്ക് വേണ്ടി ദുആ ചെയ്തു കോണ്ട് ശൈഖ് رحمه الله ഈ കൃതി ഇവിടെ അവസാനിപ്പിക്കുന്നു..

## ഉപസംഹാരം

ﷲ വിന് മാത്രമുള്ള ആരാധനയുടെ സമഗ്ര രൂപം എന്ന ഈ കൃതിയിലൂടെ തൗഹീദിന്റെ മഹത്വവും ശിർക്കിന്റെ അപകടവും നാം മനസ്സിലാക്കി.

ﷲ വിനാണ് സർവസ്തുതിയും..

(ബുഖാരി, മുസ്‌ലിം) റിപ്പോർട്ട് ചെയ്ത അബൂ ഹുറൈറ رضي الله عنه വിന്റെ ഹദീഥിൽ[30] സ്വർഗ്ഗം നേടാനും നരകത്തിൽ നിന്ന് രക്ഷ നേടാനും കഴിയുന്ന കർമ്മം ഏതെന്ന് ചോദിച്ച ആളോട് റസൂൽ ﷺ നിർദ്ധേഷിക്കുന്നത് *''ﷲ വിനെ ആരാധിക്കുകയും അവനിൽ ഒന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക, നമസ്കാരം നിർവഹിക്കുക, സകാത്ത് കൊടുക്കുക, റമദാനിൽ നോമ്പ് നോൽക്കുക എന്നീ കർമ്മങ്ങളാണ്.''* ഈ കാര്യങ്ങളിൽ ഒന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യില്ല എന്നു പറഞ്ഞ അയാളെ സ്വർഗ്ഗാവകാശിയായി റസൂൽ ﷺ സ്വഹാബത്തിന് കാണിച്ച് കൊടുക്കുന്നു.

(ഒരു കണ്ണും കാണാത്ത ഒരു കാതും കേൾക്കാത്ത ഒരു മനസ്സും സങ്കൽപിക്കാത്ത രീതിയിലുള്ള) സുഖാനുഗ്രഹങ്ങളുള്ള സ്വർഗ്ഗം; അവസാനമായി അതിൽ പ്രവേശിക്കുന്നവന് ഈ ലോകത്തിന്റെ അത്ര വിശാലവും അതിന്റെ പത്തിരട്ടി അധികമായും അനുഗ്രഹങ്ങൾ[31] നൽകുന്ന വിശ്വാസികളോട് അതിയായ സ്നേഹവും കാരുണ്യമുള്ളവനുമായ നമ്മുടെ സൃഷ്ടാവ്.

ഇതേ രീതിയിൽ തന്നെ കഠിന ശിക്ഷയുള്ള മനുഷ്യരും കല്ലുകളും ഇന്ധനമായുള്ള ശിക്ഷയുടെ കാഠിന്യം മൂലം ശരീരത്തിലെ തൊലി വെന്തുപോകുമ്പോൾ പുതിയ തൊലി പകരം നൽകിയുള്ള പ്രതാപവാനായ ﷲ വിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചവർക്കുള്ള അതികഠിന ശിക്ഷയുള്ള നരകം. ഇതെല്ലാം അറിഞ്ഞ് ﷲ ഒരു കൊതുകിന്റെ ചിറകിന്റെ വിലപോലും കൽപിക്കാത്ത[32] അവൻ നമുക്ക് ഭംഗിയായി നൽകിയ ഐഹിക ജീവിത വിഭവങ്ങളുടെ ആസ്വാദനത്തിൽ മതിമറക്കാതെ നൈമിഷികമായ ഈ ഇഹലോക ജീവിതത്തിന്റെയും വഞ്ചകനായ ശൈത്വാന്റെയും പിടിയിൽ അകപ്പെടാതെ അനശ്വരമായ പരലോക ജീവിതത്തിലെ അനുഗ്രഹങ്ങളിലേക്ക് മത്സരിക്കുന്നവരാകുക നമ്മൾ.

---

[30] ബുഖാരി: 1397/ മുസ്‌ലിം: 14

[31] ബുഖാരി: 6571/ മുസ്‌ലിം: 186

[32] തിർമിദി: 2320/ ഇബ്ൻ മാജ: 4110

അറിവ് നേടുകയും അതിനനുസരിച്ച് ﷲ വിന്റെ വിധിവിലക്കുകൾ പാലിച്ച് ജീവിക്കുകയും അതിലേക്ക് ക്ഷണിക്കുന്ന അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരായ പ്രവാചകന്മാർ സ്വീകരിച്ച ഏറ്റവും ഉത്തമമായ ഉദ്യോഗം സ്വീകരിക്കുന്നവരുമായി മാറുക നാം.

ﷲ നമുക്ക് എല്ലാവർക്കും അതിന് തൗഫീഖ് നൽകുമാറാകട്ടെ..

سبحانك اللهم وبحمدك أشهد أن لا إلاه إلا أنت أستغفرك وأتوب إليك

اللهم صل على محمد وعلى آل محمد , وبارك على محمد كما صليت وبارك على إبراهيم , وآل إبراهيم

إنك حميد مجيد.

والحمد لله رب العالمين

**പൂർത്തീകരണം :**

16/റമദാൻ/1438 ഹിജ്റ വർഷം

ഹളറമൗത്ത് - യമൻ

ഈ പുസ്തകത്തിന്റെ ഓഡിയോ ക്ലാസുകൾ

**ahsanqawl** വെബ് സൈറ്റിലും **al-athari Radio**

മൊബൈൽ ആപ്പിലും ലഭ്യമാണ്.

ahsan qawl

**ahsanqawl publishing..**